# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2023 ഒക്ടോബർ 19 | ദീപം 56 | നാളം 32 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


# ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ടിന് എന്തു സംഭവിച്ചു? ചിതലരിച്ചോ!



അഡ്വ. വി.സി. സെബാസ്റ്റ്യൻ

കേരളത്തിലെ ക്രൈസ്തവന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ സാമ്പത്തിക പിന്നാക്കാവസ്ഥ പഠിക്കാനും ക്ഷേമപദ്ധതികൾ നിർദേശിക്കാനുമായി സർക്കാർ നിർദേശിച്ച ജെ. ബി. കോശി കമ്മീഷൻ വിശദമായ പഠനറിപ്പോർട്ട് 2023 മെയ് 17 ന് സർക്കാരിനു സമർപ്പിച്ചു. കേരളത്തിലെ ലക്ഷക്കണക്കിനു ക്രൈസ്തവർ ഏറെ പ്രതീക്ഷയോടെ കണ്ട ജെ. ബി. കോശി കമ്മീഷന്റെ ശിപാർശകൾ അഞ്ചു മാസമായിട്ടും സർക്കാരിന്റെ പെട്ടിയിൽ പൂട്ടിവച്ചിരിക്കുന്നതല്ലാതെ വെളിച്ചം കാണാത്തതിൽ ദുരൂഹതയുണ്ട്.

### മതന്യൂനപക്ഷങ്ങൾ ആരൊക്കെ?

സ്വാതന്ത്ര്യം പ്രാപിച്ച് 45 വർഷത്തിനുശേഷം 1992 ലാണ് കേന്ദ്രസർക്കാർ ഇന്ത്യയിലെ ന്യൂനപക്ഷങ്ങൾ ഏതെന്നു പ്രഖ്യാപിച്ച് ഉത്തരവിറക്കിയത്. മുസ്ലീം, ക്രിസ്ത്യൻ, സിക്ക്, ബുദ്ധ, പാഴ്സി വിഭാഗങ്ങളെ മതന്യൂനപക്ഷങ്ങളായി പ്രഖ്യാപിച്ചു. പിന്നീട് ജൈനരും ഇക്കൂടെ വന്നു. ഇങ്ങനെ ആറ് ന്യൂനപക്ഷമത വിഭാഗങ്ങളാണ് ഔദ്യോഗികമായി ഇന്ത്യയിലിന്നു നിലവിലുള്ളത്. തുടർന്നിങ്ങോട്ട് ന്യൂനപക്ഷക്ഷേമ വകുപ്പുകൾ, ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനുകൾ എന്നിവ നിലവിൽവന്നു. 2005 ൽ ന്യൂനപക്ഷക്ഷേമത്തിനായി പ്രധാനമന്ത്രിയുടെ 15 ഇന പദ്ധതികൾ പ്രഖ്യാപിച്ചു. വിദ്യാർഥികൾക്കും വിധവകൾക്കും യുവാക്കൾക്കുംമാത്രമല്ല, മതന്യൂനപക്ഷവിഭാഗത്തിലെ പാവപ്പെട്ടവർക്കെല്ലാമായി കേന്ദ്രസർക്കാർ ഒട്ടേറെ ക്ഷേമപദ്ധതികൾ നടപ്പിലാക്കി. സംസ്ഥാനങ്ങളിലാകട്ടെ, ന്യൂനപക്ഷക്ഷേമവകുപ്പും മന്ത്രിമാരും ന്യൂനപക്ഷകമ്മീഷനും വന്നു.

### സച്ചാർ പഠനറിപ്പോർട്ട്

ഇന്ത്യയിലെ മുസ്ലീം ന്യൂനപക്ഷത്തിന്റെ പിന്നാക്കാവസ്ഥ പഠിക്കാൻ കേന്ദ്രസർക്കാർ സച്ചാർ കമ്മിറ്റിയെ നിയോഗിച്ചു. സച്ചാർ കമ്മിറ്റി ഇന്ത്യയിലെ ബിഹാർ, ബംഗാൾ, മധ്യപ്രദേശ്, യു.പി., ഗുജറാത്ത് എന്നീ അഞ്ചു സംസ്ഥാനങ്ങളിൽ പഠനം നടത്തി. 2006 നവംബറിൽ കേന്ദ്രസർക്കാരിനു റിപ്പോർട്ടും ക്ഷേമപദ്ധതി നിർദേശങ്ങളും സമർപ്പിച്ചു. തുടർന്ന്, പ്രധാനമന്ത്രിയുടെ 15 ഇന ന്യൂനപക്ഷക്ഷേമപദ്ധതികളിൽ ഈ റിപ്പോർട്ടിലെ ചില നിർദേശങ്ങളുംകൂടി ഇടംനേടുകയും ചെയ്തു. 6 മതന്യൂനപക്ഷവിഭാഗങ്ങളിൽ കേന്ദ്രസർക്കാർ പഠനം നടത്തിയത് മുസ്ലീം മതവിഭാഗത്തിന്റെ കാര്യത്തിൽമാത്രമാണെങ്കിലും സർക്കാർ ഖജനാവിൽ പണം ചെലവിടുന്നത് ഒരു മതവിഭാഗത്തിനുമാത്രമാകുന്നത് ഭരണഘടനാലംഘനമാണ്. വാസ്തവത്തിൽ ഇതിനെ വെള്ളപൂശാനാണ് എല്ലാ മതന്യൂനപക്ഷവിഭാഗങ്ങൾക്കുമായുള്ള പ്രധാനമന്ത്രിയുടെ 15 ഇന ക്ഷേമപദ്ധതികളിൽ തന്നെ സച്ചാർ നിർദേശങ്ങളും ഉൾക്കൊള്ളിച്ചത്. പക്ഷേ, പിന്നീട് സംഭവിച്ചതെന്ത്? ന്യൂനപക്ഷക്ഷേമ പദ്ധതികൾ ഒന്നടങ്കം ഒരു മതവിഭാഗത്തിന്റെ കുത്തകയായി മാറിയെന്നുമാത്രമല്ല, ന്യൂനപക്ഷമെന്നാൽ 6 ന്യൂനപക്ഷവിഭാഗങ്ങളിൽ ഭൂരിപക്ഷം മാത്രമായി അട്ടിമറിക്കപ്പെട്ടു.

### കേരളത്തിന്റെ ന്യൂനപക്ഷപ്രേമം

കേന്ദ്രസർക്കാരിന്റെ മതന്യൂനപക്ഷക്ഷേമപദ്ധതികൾ കേരളത്തിലെ എല്ലാ മതന്യൂനപക്ഷങ്ങൾക്കുമായി എങ്ങനെ നടപ്പിലാക്കാമെന്നല്ല, മുസ്ലീംമതവിഭാഗത്തിനായുള്ള സച്ചാർ പഠനറിപ്പോർട്ട് എങ്ങനെ നടപ്പിലാക്കാമെന്നാണ് വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരുന്ന ഇടതുപക്ഷസർക്കാർ 2008 ൽ എടുത്ത തീരുമാനം. സച്ചാർ കമ്മിറ്റി നിർദേശങ്ങൾ നടപ്പാക്കാനുള്ള പദ്ധതികൾ സമർപ്പിക്കാൻ ഇടതുപക്ഷ അനുകൂലികളായ മുസ്ലീം സമുദായനേതാക്കളെക്കൂടി ഉൾപ്പെടുത്തി





പാലൊളി കമ്മിറ്റിയും രൂപീകരിച്ചു. ഇവിടെ പലരും തിരിച്ചറിയാത്ത ചില യാഥാർഥ്യങ്ങളുണ്ട്. 1. സച്ചാർ കമ്മിറ്റി പഠനം നടത്തിയത് ബംഗാൾ, ബിഹാർ ഉൾപ്പെടെയുള്ള മുസ്ലീം സമൂഹം ഏറ്റവും കൂടുതൽ കഷ്ടപ്പെടുന്ന പിന്നാക്കാവസ്ഥയുള്ള സംസ്ഥാനങ്ങളിലാണ്. 2. സച്ചാർ കേരളത്തിൽ പഠനം നടത്തിയിട്ടില്ലെന്നുമാത്രമല്ല, മതസംവരണത്തിലൂടെ കേരളത്തിലെ മുസ്ലീം സമൂഹം വളർച്ച നേടിയിരിക്കുന്നതും പിന്നാക്കാവസ്ഥ അതിജീവിച്ചിരിക്കുന്നതിന്റെ സൂചനകളും സർക്കാർ നൽകുന്നുണ്ട്. 3. ഇനി ഒരു മതവിഭാഗത്തിനുവേണ്ടിയുള്ള ശിപാർശകളാണെങ്കിലത് ആറു മതവിഭാഗങ്ങളുള്ള ന്യൂനപക്ഷങ്ങളുടെയെല്ലാം ലേബലിൽ ഒരു കൂട്ടർമാത്രമായി സർക്കാർ ഖജനാവിലെ സമ്പത്ത് തട്ടിയെടുക്കുന്നതു ന്യായമോ? 4. അവസരോചിതമായി സർക്കാർ തലങ്ങളിൽ ഇടപെടൽ നടത്തി സർക്കാരിന്റെ ക്രൈസ്തവവിരുദ്ധസമീപനങ്ങളെ കൃത്യമായി ചൂണ്ടിക്കാട്ടാനും ചോദ്യം ചെയ്യാനും ക്രൈസ്തവരുൾപ്പെടെ ഇതര മതന്യൂനപക്ഷങ്ങളും ഒരു പരിധിവരെ പരാജയപ്പെട്ടുവെന്നതും പരമാർഥം.

▸12

# അവകാശപ്പോരാട്ടങ്ങളിലെ ധീരനായിക

## സമാധാനനൊബേൽ ജയിലിലേക്ക്





സിൽജി ജെ. ടോം

അടിച്ചമർത്തലുകൾക്കെതിരേ പോരാടുന്ന സ്ത്രീപോരാളി - പ്രശസ്ത ഇറാനിയൻ ആക്ടിവിസ്റ്റ് നർഗിസ് മൊഹമ്മദിക്ക് 2023 ലെ സമാധാനത്തിനുള്ള നൊബേൽ പുരസ്കാരം. മനുഷ്യാവകാശങ്ങളെ ചവിട്ടിമെതിക്കുന്ന നീതിനിഷേധത്തിന്റെ കാഴ്ചകളാണ് ഇറാൻ എന്ന രാജ്യത്തെക്കുറിച്ച് എന്നും കേൾക്കാനാവുക. പിറന്ന നാട്ടിലെ സ്വാതന്ത്ര്യമില്ലായ്മയ്ക്കെതിരേ പ്രതികരിച്ചതിനാണ്, ലോകത്തെ പരമോന്നത പുരസ്കാരത്താൽ ആദരിക്കപ്പെടുമ്പോഴും നർഗിസ് മൊഹമ്മദി വർഷങ്ങളായി ജയിലിൽ കഴിയുന്നത്.

ഇറാന്റെ വീഥികളിൽ അടുത്തകാലത്ത് ആഞ്ഞടിച്ചുകൊണ്ടിരിക്കുന്ന സ്ത്രീകളുടെ സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടം ഭരണകൂടത്തിനു തലവേദനയാണ്. അതിനെ അടിച്ചമർത്താൻ ഏതു കിരാതമാർഗവും ഭരണകൂടം സ്വീകരിക്കുന്നു. തല മുണ്ഡനം ചെയ്തും ഹിജാബ് കത്തിച്ചും ഇറാനിൽ നടക്കുന്ന പോരാട്ടങ്ങൾക്ക് ഊർജം പകരുന്നതിൽ നർഗിസ് എന്ന ധീരവനിത പകരുന്ന പിന്തുണ ചെറുതല്ല.

▸14

# ഹാങ്ചോ ഏഷ്യാഡിൽ ചരിത്രമെഴുതി ഇന്ത്യ



സനിൽ പി. തോമസ്

ഇന്ത്യൻ കായികചരിത്രത്തിലെ ഏറ്റവും തിളക്കമാർന്ന അധ്യായമാണ് ചൈനയിലെ ഹാങ്ചോയിൽ നടന്ന പത്തൊമ്പതാം ഏഷ്യൻ ഗെയിംസിൽ എഴുതിച്ചേർക്കപ്പെട്ടത്. 28 സ്വർണവും 38 വെള്ളിയും 41 വെങ്കലവുമുൾപ്പെടെ 107 മെഡലുകൾ. പാരീസ് ഒളിമ്പിക്സ് അടുത്തവർഷം നടക്കാനിരിക്കേ, 2036 ലെ ഒളിമ്പിക്സ് വേദിയാകാൻ രാജ്യം അഹമ്മദാബാദ് നഗരത്തെ ഉയർത്തിക്കാട്ടിയിരിക്കേ ഇന്ത്യ ലോകകായികവേദിയിൽ തലയുയർത്തിനില്ക്കുന്നു.

ട്രാക്ക് ആൻഡ് ഫീൽഡിൽ ഇന്ത്യ വെല്ലുവിളി ഉയർത്തുമെന്ന് എഴുതിയ ചൈനീസ് പത്രങ്ങൾ നീരജ് ചോപ്രയെമാത്രമാണ് സൂപ്പർതാരമായി ഇന്ത്യൻനിരയിൽ അവതരിപ്പിച്ചത്. ലോകകിരീടവും ഒളിമ്പിക്സ് സ്വർണവും സ്വന്തമായുള്ള നീരജ് ഏഷ്യൻ ഗെയിംസ് സ്വർണം നിലനിർത്തി പ്രതീക്ഷ കാക്കുകയും ചെയ്തു. ജാവലിനിൽ ചോപ്രയ്ക്കു പിൻഗാമിയായി കിഷോർകുമാർ ജെന ഉയർന്നുവന്നതും ശ്രദ്ധേയം. 1990 ൽ ബെയ്ജിങ്ങിൽ കബഡിയിൽ മാത്രം സ്വർണം നേടിയ ഇന്ത്യ എത്രത്തോളം മുന്നേറിയെന്നു മെഡൽ പട്ടികയിലെ തിളക്കമുള്ള നാലാം സ്ഥാനം വ്യക്തമാക്കുന്നു.

2010 ൽ ന്യൂഡൽഹിയിൽ നടന്ന കോമൺവെൽത്ത് ഗെയിംസിൽ ഇന്ത്യ 38 സ്വർണവും 27 വെള്ളിയും 36 വെങ്കലവുമുൾപ്പെടെ 101 മെഡൽ നേടിയിരുന്നു. ഇതൊഴിച്ചാൽ ഒരു മെഗാ രാജ്യാന്തര കായികമേളയിൽ മെഡൽനേട്ടത്തിൽ ഇന്ത്യ സെഞ്ചുറി നേടുന്നത് ആദ്യമാണ്. ഏഷ്യൻ ഗെയിംസിലാകട്ടെ 2018 ൽ ജക്കാർത്തയിൽ നേടിയ 16 സ്വർണമുൾപ്പെടെ 70 മെഡൽ എന്നതായിരുന്നു ഇതുവരെയുള്ള മികച്ച പ്രകടനം.

ഇത്തവണ സ്വർണമെഡലുകളുടെ കാര്യത്തിൽ ഇന്ത്യ കാൽ സെഞ്ചുറി കടന്നു. 28 സ്വർണം എന്നത് ചെറിയ കാര്യമല്ല. സുവർണവിജയങ്ങളിൽ 'ട്രിപ്പിൾ' നേട്ടം രണ്ട് ആർച്ചറി താരങ്ങൾ സ്വന്തമാക്കി. ജ്യോതി സുരേഖ വെന്നവും ഓജസ് പ്രവീൺ ദിയോതലെയും യഥാക്രമം വനിതാ, പുരുഷ കോമ്പൗണ്ട് വിഭാഗം ആർച്ചറി വ്യക്തിഗതയിനത്തിലും മിക്സഡ് ഇനത്തിലും ടീമിലും സ്വർണം നേടി. സ്ക്വാഷ് താരം ഹരീന്ദർ പാൽസിങ് സന്ധു ടീം ഇനത്തിലും മിക്സ്ഡ് ഡബിൾസിലും ജയിച്ച് ഇരട്ട സ്വർണത്തിന് ഉടമയായി. കബഡിയിൽ നഷ്ടപ്പെട്ട സ്വർണം പുരുഷ-വനിതാ ടീമുകൾ വീണ്ടെടുത്തു. ഹോക്കിയിൽ നാലാമതൊരിക്കൽക്കൂടി സ്വർണം നേടി. ഷൂട്ടിങ്, അത്‌ലറ്റിക്സ്, ആർച്ചറി ഇനങ്ങളിൽ ഇന്ത്യ മെഡൽ കൊയ്ത്തുതന്നെ നടത്തി. ഷൂട്ടിങ്ങിൽ ഏഴു സ്വർണവും ഒൻപതു വെള്ളിയും ആറു വെങ്കലവുമുൾപ്പെടെ 22 മെഡൽ നേടിയ ഇന്ത്യ അത്‌ലറ്റിക്സിൽ ആറു സ്വർണവും 14 വെള്ളിയും ഒൻപതു വെങ്കലവുമുൾപ്പെടെ 29 മെഡൽ കരസ്ഥമാക്കി. ആർച്ചറിയിൽ ദക്ഷിണകൊറിയയുടെ ആധിപത്യം തകർത്ത് അഞ്ചു സ്വർണമുൾപ്പെടെ ഒൻപതു മെഡൽ എയ്തുവീഴ്ത്തി. അത്‌ലറ്റിക്സ് ആയിരുന്നു ജക്കാർത്തയിൽ ഇന്ത്യയെ തുണച്ചത്. ജക്കാർത്തയിൽ ഇന്ത്യയ്ക്ക്




ട്രാക്ക് ആൻഡ് ഫീൽഡിൽ എട്ടു സ്വർണം ലഭിച്ചു. ഇതിൽ നീരജ് ചോപ്രയും (ജാവലിൻ) തേജീന്ദർ പാൽസിങ് ടൂറും (ഷോട്ട്പുട്ട്) സ്വർണം നിലനിർത്തി.

ഷൂട്ടിങ്ങിൽ ജക്കാർത്തയിൽ ഇന്ത്യ രണ്ടു സ്വർണം നേടിയിരുന്നു. 2006 ൽ നേടിയ 14 മെഡൽ എന്നതായിരുന്നു ഷൂട്ടിങ്ങിൽ ഇതിനു മുമ്പുള്ള ഇന്ത്യയുടെ മികച്ച പ്രകടനം. സ്ക്വാഷിൽ പുരുഷ ടീം ഫൈനലിൽ പാക്കിസ്ഥാനെ തോൽപ്പിച്ചത് വലിയ നേട്ടമായി. ബാഡ്മിന്റനിൽ പി.വി. സിന്ധുവിന്റെ ഫോം നഷ്ടം ഹാങ്ചോയിൽ ഇന്ത്യയ്ക്കു തിരിച്ചടിയായെങ്കിലും പുരുഷതാരങ്ങൾ തിളക്കമാർന്ന പ്രകടനം കാഴ്ചവച്ചു. പുരുഷ ഡബിൾസിൽ രാജിറെഡ്ഡി- ശിരാഗ് ഷെട്ടി സഖ്യത്തിന്റെ സുവർണനേട്ടം ചരിത്രമായി.

ക്രിക്കറ്റിൽ ആദ്യമായി പങ്കെടുത്ത ഇന്ത്യ പുരുഷ, വനിതാ വിഭാഗങ്ങളിൽ സ്വർണം നേടി. പക്ഷേ, ഇന്ത്യൻ 'ബി' ടീം പുരുഷവിഭാഗത്തിൽ നേടിയ സ്വർണമെഡലിനു തിളക്കം കുറയും. അഫ്ഗാനിസ്ഥാനുമായുള്ള ഫൈനൽ മഴ മുടക്കിയപ്പോൾ റാങ്കിങ് നോക്കി ഇന്ത്യയ്ക്കു സ്വർണം സമ്മാനിക്കുകയായിരുന്നു. റാങ്കിങ്ങിൽ മുന്നിൽ ഇന്ത്യയുടെ 'എ' ടീമാണ്. ലോകകപ്പ് നടക്കുന്നതിനാൽ ഏഷ്യൻ ഗെയിംസിൽ ഇന്ത്യ ഇറക്കിയത് 'ബി' ടീമിനെയും. കളിച്ചുനേടിയതല്ല ഈ സ്വർണം എന്നുതന്നെ പറയണം.

ഫുട്ബോളിലും വോളിബോളിലും ബാസ്കറ്റ്ബോളിലും ഇന്ത്യയിൽനിന്നു മെഡൽ ആരും പ്രതീക്ഷിച്ചിരുന്നില്ല. എങ്കിലും ഫുട്ബോളിലും വോളിബോളിലും തീർത്തും ദയനീയമായില്ല ഇന്ത്യയുടെ പ്രകടനം എന്നു പറയാം. ജക്കാർത്തയിൽ രണ്ടു സ്വർണം നേടിയ ഇന്ത്യയുടെ ഗുസ്തിതാരങ്ങൾ ഇക്കുറി പിന്നാക്കം പോയി. ബജ്റംഗ് പൂനിയയ്ക്ക് മെഡൽ നേടാനായില്ല. വിനേഷ് ഫോഗട്ട് പങ്കെടുത്തുമില്ല. ഫെഡറേഷൻ സാരഥിക്കെതിരായ സമരം താരങ്ങളുടെ ആത്മവിശ്വാസം കെടുത്തിയിരുന്നു. ബോക്സിംഗിലും പിന്നാക്കം പോയി. ഇക്വസ്ട്രിയനിൽ നാം നേട്ടം കൈവരിച്ചു.

### കേരളത്തിന്റെ സംഭാവന

ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്കായി മെഡൽ നേടിയവരിൽ ഒരു ഡസനിലേറെ മലയാളികളുണ്ട്. ഇതിൽ പലരും കേരളത്തിൽ വളർന്നവരും ഏതാനും ചിലർ ഇതര സംസ്ഥാനങ്ങളിൽനിന്നുള്ളവരുമാണ്. ഹോക്കി സ്വർണം നേടിയ ടീമിൽ പി.ആർ. ശ്രീജേഷും വനിതാ ക്രിക്കറ്റിൽ വിജയിച്ച ടീമിൽ മിന്നുമണിയും അംഗങ്ങളായിരുന്നു. പുരുഷന്മാരുടെ 4X400 മീറ്റർ റിലേയിലെ സുവർണവിജയത്തിൽ മുഹമ്മദ് അജ്മലും മുഹമ്മദ് അനസും കേരളീയരായുണ്ട്. മറുനാടൻ മലയാളികളുടെ കണക്കെടുത്താൽ റിലേ സ്വർണത്തിൽ ഡൽഹിയിൽനിന്നുള്ള അമോജ് ജേക്കബും കർണാടകയിൽനിന്നുള്ള മിജോ ചാക്കോ കുര്യനും നിഹാൽ ജോയൽ വില്യമും പങ്കാളികളായി. മിജോ മംഗലാപുരത്തുനിന്നും നിഹാൽ ബെംഗളൂരുവിൽനിന്നുമുള്ള മലയാളികളാണ്. മിക്സഡ് ഡബിൾസ് വിഭാഗം സ്ക്വാഷിൽ ചെന്നൈയിൽനിന്നുള്ള ദീപിക പള്ളിക്കൽ, ഹരീന്ദർ പാൽസിങ് സന്ധുവുമൊത്ത് സ്വർണമെഡൽ കരസ്ഥമാക്കി.

വെള്ളിത്തിളക്കത്തിൽ മുഹമ്മദ് അജ്മലും (മിക്സഡ് റിലേ), മുഹമ്മദ് അഫ്സലും (800 മീറ്റർ) എം. ശ്രീശങ്കറും (ലോങ് ജംപ്) ആൻസി സോജനും (ലോങ് ജംപ്) എച്ച്.എസ്. പ്രണോയ്‌യും എം.ആർ. അർജുനും (ഇരുവരും ബാഡ്മിന്റൺ ടീം) ഉണ്ട്. വെങ്കലം നേടിയവരിൽ ജിൻസൺ ജോൺസനും (1500 മീറ്റർ) എച്ച്.എസ്. പ്രണോയ്‌യും (ബാഡ്മിന്റൺ സിംഗിൾസ്) ദീപിക പള്ളിക്കലും (സ്കാഷ് ടീം) ഉൾപ്പെടും. പ്രണോയ് ദീപികയും മുഹമ്മദ് അജ്മലും ഇരട്ട മെഡൽ നേടി.




ഇന്ത്യൻ വിജയങ്ങളിൽ മലയാളികളായ പരിശീലകരും നിർണായകപങ്കു വഹിച്ചു. അത്‌ലറ്റിക് ടീമിന്റെ ചീഫ് കോച്ച് പി. രാധാകൃഷ്ണൻ നായരും 400 മീറ്റർ ഓട്ടങ്ങളിലെ കോച്ച് എം.കെ. രാജ് മോഹനും ആയിരുന്നു. ശ്രീശങ്കറിന്റെ പരിശീലകൻ അച്ഛൻ മുരളി തന്നെ. കബഡിയിൽ പുരുഷവിഭാഗം സ്വർണം വീണ്ടെടുത്ത ടീമിനെ പരിശീലിപ്പിച്ചത് ഇ. ഭാസ്കരനാണ്. റോവിങ് വനിതാ ടീം പരിശീലകനായി ജനിൽ കൃഷ്ണൻ ഉണ്ടായിരുന്നു. ക്വാർട്ടറിൽ കടന്ന പുരുഷ വോളിബോൾ ടീമിന്റെ അസി. കോച്ച് ടോം ജോസഫ് ആയിരുന്നു.

ഹാങ്ചോവിൽ ഇന്ത്യ കാഴ്ചവച്ച ഉജ്ജ്വലപ്രകടനത്തിൽ കേരളത്തിനും അഭിമാനിക്കാമെന്നർ. നമ്മുടെ അത്‌ലറ്റുകളും പരിശീലകരും ഇന്ത്യൻ കുതിപ്പിൽ പങ്കാളികളായത് വരുന്ന തലമുറയ്ക്ക് പ്രചോദനമാകണം. ഇതിലെ യുവതാരനിരയെ പ്രോത്സാഹിപ്പിക്കുകയും സീനിയർ താരങ്ങളുടെ അനുഭവസമ്പത്ത് പ്രയോജനപ്പെടുത്തുകയുമാണ് വേണ്ടത്. ■



ഇഗ്നേഷ്യസ് കലയന്താനി

കഥ

# നഷ്ടസ്വപ്നങ്ങൾ

നരച്ച താടിരോമങ്ങളിലൂടെ വിരലുകളോടിച്ച് റോഡിലേക്കു കണ്ണുംനട്ട് ഇരിക്കുകയായിരുന്നു കരിയാച്ചൻ.

മുഖത്തുനിന്ന് ഊർന്നുവീഴാൻ തുടങ്ങിയ കണ്ണട നേരെയാക്കിയിട്ട് കരിയ ആലോചിച്ചു.

എത്ര ദിവസമായി ഈ ഇരിപ്പു തുടങ്ങിയിട്ട്! ഈ പോക്കു പോയാൽ വീടു പട്ടിണിയായതുതന്നെ.

മുറിയുടെ മൂലയിൽ കൂട്ടിയിട്ടിരിക്കുന്ന പലകകളിലേക്കും പണിയായുധങ്ങളിലേക്കും കണ്ണുകൾ പായിച്ചുകൊണ്ട് കരിയ പിറുപിറുത്തു.

"വല്ല സർക്കാർ ആശുപത്രിയുടെയും മുമ്പിൽ പോയിരുന്നു കച്ചവടം നടത്തിയിരുന്നെങ്കിൽ കുടുംബം രക്ഷപെട്ടേനെ."

"എന്നതാ കരിയാച്ചേട്ടാ ഒറ്റയ്ക്കിരുന്നു പിറുപിറുക്കുന്നെ?"

പരിചിതമായ ശബ്ദം കേട്ട് കരിയ മുഖം തിരിച്ചു നോക്കി.

പൂവത്തുങ്കലെ ജോണിക്കുട്ടിയാണ്. കരിയാച്ചന്റെ നാട്ടുകാരൻ. ഏറെക്കാലമായി വിദേശത്തായിരുന്നു. ഈയിടെയാണു നാട്ടിൽ വന്നത്.

"എന്നാ പറയാനാ എന്റെ ജോണിക്കുട്ടീ. പത്തു പൈസേടെ കച്ചോടം നടക്കുന്നില്ല. ഇക്കണക്കിനു പോയാൽ കുടുംബം പട്ടിണിയായതു തന്നെ."

"എന്നാ പറ്റി ?"

"ഇതിൽ കൂടുതൽ എന്നാ പറ്റാൻ. പണ്ടൊക്കെ മാസത്തിൽ നാലോ അഞ്ചോ പെട്ടി പോകുമായിരുന്നു. ഇപ്പൊ രണ്ടുമാസം കൂടുമ്പോൾ ഒന്നോ രണ്ടോ പോയാലായി പോയില്ലേലായി. വൈദ്യശാസ്ത്രം പുരോഗമിച്ചപ്പോൾ എന്റെ ഗതി അധോഗതിയായി ജോണിക്കുട്ടീ. തലേവര എന്നല്ലാതെ എന്തു പറയാൻ. എൺപതുകഴിഞ്ഞ പത്തമ്പതു പേര് ഈ നാട്ടിൽ ഉണ്ടായിട്ടും ഈ കരിയാച്ചനു വല്ല പ്രയോജനോം ഒണ്ടോ? ഇന്നു ചാകും നാളെ ചാകും എന്നോർത്തിരിക്കാമെന്നല്ലാതെ ഒരുത്തനെയും ദൈവം അങ്ങു വിളിക്കുന്നില്ലല്ലോ."

"എന്നാ കരിയാച്ചേട്ടന് സന്തോഷം ഉണ്ടാക്കുന്ന ഒരു കാര്യവുമായിട്ടാ ഞാനിപ്പം വന്നത്"

"എന്നതാ ജോണിക്കുട്ടീ?" കരിയാച്ചന്റെ കണ്ണുകൾ വിടർന്നു. മുഖത്തുനിന്നു കണ്ണടയെടുത്ത് മുണ്ടിന്റെ തുമ്പുകൊണ്ടു തുടച്ചിട്ട് കരിയ ആകാംക്ഷയോടെ ജോണിക്കുട്ടിയുടെ മുഖത്തേക്കു നോക്കിനിന്നു.

"മാസംതോറും നൂറു പെട്ടി വീതം എനിക്കു വേണം"

"നൂറു പെട്ടിയോ? അതെന്നാത്തിനാ?"

"വിദേശത്തേക്ക് കേറ്റി അയയ്ക്കാനാ. വില എത്രയായാലും വേണ്ടില്ല. പെട്ടി സൂപ്പർ ആയിരിക്കണം. ആരു കണ്ടാലും നോക്കിനിന്നു പോണം"

"നേരാണോ ജോണിക്കുട്ടീ?"

"ജോണിക്കുട്ടി ഒരു വാക്ക് പറഞ്ഞാൽ വാക്കാ കരിയാച്ചേട്ടാ. വിദേശത്തൊക്കെ ഇപ്പം പെട്ടിക്ക് നല്ല മാർക്കറ്റാ. നല്ല വിലയ്ക്കു വിൽക്കാം. കരിയാച്ചേട്ടന് പറ്റിയേലേൽ പറഞ്ഞേരെ, ഞാൻ വേറെ ആളെ നോക്കിക്കോളാം."

"പറ്റിയേലെന്ന് ആരു പറഞ്ഞു? എത്ര പെട്ടി വേണേലും ഞാനേറ്റു. രാത്രിയും പകലും പണിയെടുത്ത് ഉണ്ടാക്കിത്തരാം. കാശുകിട്ടുന്ന ഏർപ്പാടല്ലിയോ? ആട്ടെ, ഒരു പെട്ടിക്ക് എന്നാ വച്ചു തരും?"

"കരിയാച്ചേട്ടൻ ചോദിക്കുന്ന വില തരും. വിദേശത്തേക്കു കേറ്റിവിടാനല്ലേ. എനിക്ക് എത്ര വില കൂട്ടിയും വിൽക്കാല്ലോ. പെട്ടി സൂപ്പർ ആയിരിക്കണം."

"ഞാനേറ്റു ജോണിക്കുട്ടീ" കരിയാച്ചൻ ജോണിക്കുട്ടിയെ ചേർത്തുപിടിച്ച് ഒരുമ്മ കൊടുത്തിട്ട് പറഞ്ഞു:

"മോനെ ദൈവം അനുഗ്രഹിക്കും."


"എന്നാ സാമ്പിൾ ഒരെണ്ണം ഉണ്ടാക്കിവയ്ക്ക്. മൂന്നു ദിവസം കഴിഞ്ഞു ഞാൻ വരാം. പെട്ടി കണ്ടിട്ട് ഇഷ്ടപ്പെട്ടാലേ കൂടുതൽ എണ്ണത്തിന് ഓർഡർ തരൂ കേട്ടോ."

"മതി, അതുമതി."

"തൽക്കാലം അഡ്വാൻസായിട്ട് ഇതിരിക്കട്ടെ"

പോക്കറ്റിൽനിന്ന് അഞ്ഞൂറിന്റെ ഒരു നോട്ടെടുത്തു ജോണിക്കുട്ടി കരിയാച്ചനു നീട്ടി. രണ്ടു കൈയും നീട്ടി കരിയ അതു വാങ്ങിയിട്ട് ഭവ്യതയോടെനിന്നു.

"എന്നാ ഞാൻ പോട്ടെ കരിയാച്ചേട്ടാ. മൂന്നു ദിവസം കഴിഞ്ഞു വരാം. പെട്ടി സൂപ്പറായിരിക്കണം കേട്ടോ. ങ്ഹാ പിന്നെ ഇത് വേറാരോടും പറയണ്ടാ. അസൂയക്കാരാ ചുറ്റിലും. കരിയാച്ചേട്ടൻ കാശു വാരാൻ പോകുവാണെന്നറിഞ്ഞാൽ പാര



വയ്ക്കാൻ ഒരുപാടുപേരുണ്ടാകും."

"അതു പിന്നെ എനിക്കറിയത്തില്ലയോ ജോണിക്കുട്ടീ. ഒരു കുഞ്ഞും അറിയില്ല. ജോണിക്കുട്ടി ധൈര്യമായി പോ."

ജോണിക്കുട്ടി പോയിക്കഴിഞ്ഞപ്പോൾ കരിയ കൈയിലിരുന്ന അഞ്ഞൂറിന്റെ നോട്ടിലേക്ക് ഒന്നു നോക്കിയിട്ട് അതു കൊണ്ടുപോയി പെട്ടിയിൽ ഭദ്രമായി വച്ചു. എന്നിട്ട് മുറിയുടെ മൂലയിൽ കൂട്ടിയിട്ടിരുന്ന പലകകളിലേക്കു നോക്കി കണക്കുകൂട്ടി.

ഒരു പെട്ടിക്ക് മൂവായിരം രൂപ വച്ച് ലാഭം കൂട്ടിയാൽ 100 പെട്ടിക്ക് മാസം മൂന്നു ലക്ഷം രൂപ വരുമാനം. ഒരുവർഷം 36 ലക്ഷം. മൂന്നുവർഷം കൊണ്ടു താൻ കോടീശ്വരൻ.

പിന്നെ കട ഒന്നു വിപുലീകരിക്കണം. പത്തോ പതിനഞ്ചോ ബ്രാഞ്ചുകൾ. പത്തുനൂറു ജോലിക്കാർ. കറങ്ങി നടക്കാൻ വില കൂടിയ ഒരു കാർ.

ഇപ്പോഴത്തെ വീട് പൊളിച്ചുകളഞ്ഞിട്ട് പുതിയതൊരെണ്ണം പണിയണം. ഈ നാട്ടിലെ ഏറ്റവും വലിയ വീടായിരിക്കണം അത്. മുറ്റത്ത് മനോഹരമായ ഒരു പൂന്തോട്ടവും അതിനു നടുക്ക് ഒരു ഫൗണ്ടനും.

കരിയാച്ചന്റെ സ്വപ്നങ്ങൾ അപ്പൂപ്പൻതാടി പോലെ പറന്നുയർന്നു.

മോളുടെ കല്യാണം പൊടിപൂരമായി നടത്തണം. അതുകഴിഞ്ഞ് ഒരു വിദേശയാത്ര. പറ്റുമെങ്കിൽ രാഷ്ട്രീയത്തിലിറങ്ങി അവിടെയും ഒന്നു പയറ്റണം. കാശു കൊടുത്താൽ മത്സരിക്കാൻ സീറ്റു കിട്ടും. ഉറപ്പുള്ള ഒരു സീറ്റ് കിട്ടിയാൽ പിന്നെ കരിയ ആരാ? എംഎൽഎ കരിയാച്ചൻ. ഛെ, കരിയാച്ചൻ. ആ പേരൊന്നു പരിഷ്കരിക്കണം. പള്ളിയിലിട്ട സ്കറിയ ജോസഫ്, അതുമതി. സ്കറിയ ജോസഫ് എംഎൽഎ നന്നായി ചേരും.

കരിയാച്ചന്റെ സ്വപ്നങ്ങൾ ആകാശത്തോളം പറന്നുയർന്നു വെള്ളിമേഘങ്ങൾക്കിടയിൽ ഒഴുകി നടന്നു.

പിന്നെ താമസിച്ചില്ല. പലകകൾ നീക്കിയിട്ടിട്ട് കരിയാച്ചൻ ഉളിയും കൊട്ടുവടിയും കൈയിലെടുത്തു.

സന്തതസഹചാരിയായ പണിയായുധങ്ങൾക്ക് മുമ്പെങ്ങുമില്ലാത്ത ചലനവേഗം. ജീവിതത്തിൽ ഇന്നേവരെ നിർമ്മിച്ചിട്ടുള്ളതിൽവച്ച് ഏറ്റവും മനോഹരമായ പെട്ടി ഉണ്ടാക്കണമെന്ന നിശ്ചയദാർഢ്യത്തോടെ കൈകൾ ചലിച്ചു. തട്ടും മുട്ടും കൊണ്ട് മുറിക്കകം ശബ്ദമുഖരിതമായി.

രണ്ടു പകലും രാത്രിയും.

പണി പൂർത്തിയായപ്പോൾ കരിയ ദീർഘമായി ഒരു ശ്വാസം വിട്ടു. എന്നിട്ട് പെട്ടിയിലേക്കു നോക്കി അതിന്റെ ഭംഗി ആസ്വദിച്ചു.

കൊള്ളാം. മനോഹരമായിരിക്കുന്നു. ഇത്രയും ഭംഗിയുള്ള ഒരു പെട്ടി താൻ ഇന്നേവരെ ഉണ്ടാക്കിയിട്ടില്ല. തീർച്ചയായും ഇത് ജോണിക്കുട്ടിക്ക് ഇഷ്ടപ്പെടും.

സുഹൃത്തുക്കളെയും പരിചയക്കാരെയും വിളിച്ചു കരിയ പെട്ടി കാണിച്ചു.

"ഗംഭീരമായിരിക്കുന്നു. ഇതാർക്കുവേണ്ടി ഉണ്ടാക്കിയതാ?" സുഹൃത്ത് തോമാച്ചൻ ചോദിച്ചു.

"ഒരു വിഐപിക്കു വേണ്ടിയാ. തൽക്കാലം അത്രയും അറിഞ്ഞാൽ മതി." അതു പറഞ്ഞിട്ട് കരിയാച്ചൻ ഒരു വളിച്ച ചിരി ചിരിച്ചു.

എല്ലാ നാവുകളിൽനിന്നും മനോഹരം എന്ന വാക്കു കേട്ടപ്പോൾ കരിയാച്ചന് ആത്മഹർഷം. തീർച്ചയായും ജോണിക്കുട്ടിക്ക് ഇതു നന്നേ ഇഷ്ടപ്പെടും.

പെട്ടി ഉണ്ടാക്കി കരിയാച്ചൻ കാത്തിരുന്നു.

മൂന്നുദിവസം... നാലു ദിവസം... ഒരാഴ്ച...

ജോണിക്കുട്ടിയെ കാണാഞ്ഞപ്പോൾ അന്വേഷിച്ചിറങ്ങി.

"അറിഞ്ഞില്ലയോ, ജോണിക്കുട്ടി മെന്റൽ ഹോസ്പിറ്റലിലാ. വിദേശത്ത് എന്തോ ബിസിനസ് നടത്തി പൊളിഞ്ഞ് ആകെ മനോനില തെറ്റി ഇരിക്കയായിരുന്നു. വീട്ടുകാർ നാട്ടിലേക്കു കൂട്ടിക്കൊണ്ടുവന്നതാ. മരുന്നു കഴിക്കുന്നുണ്ടായിരുന്നു. ഒരാഴ്ചയായി സുഖമില്ലാതെ ഓരോന്നു പറഞ്ഞു നടക്കുവായിരുന്നു. രണ്ടുദിവസം മുമ്പ് ആശുപത്രീൽ അഡ്മിറ്റാക്കി."

സുഹൃത്ത് തോമാച്ചനാണ് അതു പറഞ്ഞത്. ഷോക്കേറ്റപോലെ കരിയാച്ചൻ സ്തബ്ധനായി നിന്നുപോയി. മനസ്സിൽ കെട്ടിയുയർത്തിയ സ്വപ്നമന്ദിരത്തിന്റെ ഇഷ്ടികകൾ ഒന്നൊന്നായി അടർന്നു വീഴുന്നതയാൾ അറിഞ്ഞു. ഇടനെഞ്ചിൽനിന്ന് ഒരു വേദന പൊട്ടിപ്പുറപ്പെട്ടു. അത് ശരീരമാകെ വ്യാപിക്കാൻ അധികനേരം വേണ്ടിവന്നില്ല. നെഞ്ചകം പിളരുകയാണ്. കലശലായ ഹൃദയവ്യഥകൊണ്ടയാൾ പുളഞ്ഞു. പൊടുന്നനെ ശരീരം തളർന്ന് അയാൾ കുഴഞ്ഞുവീണു.

നാട്ടുകാർ താങ്ങിയെടുത്ത് വണ്ടിയിൽ കയറ്റി ആശുപത്രിയിലേക്കു കൊണ്ടുപോയി. ആശുപത്രിയിൽ എത്തും മുമ്പേ കരിയാച്ചന്റെ ആത്മാവ് ശരീരത്തിൽനിന്നു പറന്നുപോയിരുന്നു.

കരിയാച്ചൻ അവസാനമായി പണിത ശവപ്പെട്ടിയിൽ കരിയാച്ചന്റെ മൃതദേഹം അടക്കം ചെയ്ത്, വിലാപയാത്രയായി, ഒറ്റയും പെട്ടയും മണിമുഴക്കി പള്ളിയിലേക്കു കൊണ്ടുപോകുന്ന ദൃശ്യം കണ്ടു നാട്ടുകാർ താടിക്കു കൈയും കൊടുത്തു പിറുപിറുത്തു:

"ഇത്രേയുള്ളൂ മനുഷ്യന്റെ കാര്യം."

■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ

കർത്താവു നിഷ്കളങ്കരുടെ ദിനങ്ങൾ അറിയുന്നു; അവരുടെ അവകാശങ്ങൾ ശാശ്വതമായിരിക്കും.
സങ്കീർത്തനങ്ങൾ 37:18

**എഡിറ്റോറിയൽ**

# പ്രാദേശികസമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലു തളരാൻ അനുവദിച്ചുകൂടാ

ലക്ഷക്കണക്കിനാളുകളുടെ പ്രതീക്ഷയും ആശ്രയവുമായിരുന്ന സഹകരണമേഖല ഇന്നു വിശ്വാസ്യതയ്ക്കു മങ്ങലേറ്റു പ്രതിസന്ധിഘട്ടം നേരിടുകയാണ്. ഒരു കാലത്ത് നമ്മുടെ ഗ്രാമങ്ങളിലെ സാധാരണക്കാർക്ക് ബാങ്കിങ് എന്ന ആശയത്തിൽ ആകൃഷ്ടരാകാനും പ്രാദേശികനേതാക്കന്മാർക്ക് ഉത്തരവാദിത്വത്തോടെ സഹകരണസംഘങ്ങൾ നടത്തിക്കൊണ്ടുപോകാനും ആശയും ആവേശവും പകർന്ന സഹകരണമേഖലയെയാണ് ഇന്നു കേരളത്തിലങ്ങോളമിങ്ങോളം വളഞ്ഞിട്ടാക്രമിക്കുന്നത്. തൃശൂരിനടുത്തു കരുവന്നൂരിലും പിന്നാലെ മറ്റു ചില ബാങ്കുകളിലും നടന്ന കോടികളുടെ വായ്പത്തട്ടിപ്പുകളുടെ കഥകൾ പുറത്തുവന്നതോടെ കേരളത്തിലെ ഗ്രാമീണസമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലായ സഹകരണമേഖലയുടെ വിശ്വാസ്യതയ്ക്കു കളങ്കമേറ്റിരിക്കുകയാണ്.

നാടാകെ ശാപഗ്രസ്തമായിരിക്കുന്ന അഴിമതിയുടെയും കെടുകാര്യസ്ഥതയുടെയും ദുർഭൂതങ്ങൾ സഹകരണമേഖലയെയും വരിഞ്ഞുമുറുക്കിയിരിക്കുന്നു. ജനങ്ങൾ വിശ്വാസത്തോടെ നിക്ഷേപിച്ച പണം യാതൊരു മനസ്സാക്ഷിയുമില്ലാതെ തട്ടിയെടുത്ത അഴിമതിവീരന്മാരെയും കൊള്ളക്കാരെയും നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരണമെന്നും അവരെ സമയബന്ധിതമായും മാതൃകാപരമായും ശിക്ഷിക്കണമെന്നും പറയാൻ രണ്ടാമതൊന്ന് ആലോചിക്കേണ്ടതില്ല. ബാങ്കിലെ രാഷ്ട്രീയക്കാരായ ഭരണസമിതിയംഗങ്ങളും ഉദ്യോഗസ്ഥരും തമ്മിലുള്ള അവിശുദ്ധ കൂട്ടുകെട്ടാണ് ക്രമക്കേടുകൾക്കു വഴിയൊരുക്കുന്നത്. ആരോപണവിധേയമായ അഴിമതിക്കേസുകൾ സംസ്ഥാനപൊലീസ് കുറെക്കാലമായി അന്വേഷിക്കുന്നുണ്ടെങ്കിലും വിരലിലെണ്ണാവുന്നവ മാത്രമാണു പുറത്തുവന്നിരിക്കുന്നത്. പതിറ്റാണ്ടുകളായി നാടുഭരിക്കുന്ന രണ്ടു രാഷ്ട്രീയമുന്നണികളിലെയും നേതാക്കളിലേക്കു വിരൽചൂണ്ടുന്ന കേസുകൾ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ഏറ്റെടുത്തതോടെയാണ് സംഭവത്തിന്റെ ഞെട്ടിക്കുന്ന വിവരങ്ങൾ പുറത്തറിയുന്നത്.

അതേസമയം, ഏതാനും ബാങ്കുകളിൽ നടന്ന സാമ്പത്തികത്തട്ടിപ്പിന്റെ പുഴുക്കുത്തുകഥകൾ പൊലിപ്പിച്ചെടുത്ത് സംസ്ഥാനത്തെ മുഴുവൻ സഹകരണസംഘങ്ങളും തട്ടിപ്പുകേന്ദ്രങ്ങളാണെന്നു പ്രചരിപ്പിക്കുന്ന രീതി ഒട്ടും ആശാസ്യമല്ല. 16,200 ൽപ്പരം സഹകരണസംഘങ്ങൾ കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ ക്രമക്കേടു കണ്ടെത്തിയത് ഇരുന്നൂറിനടുത്തു സംഘങ്ങളിലാണ്. ഇതിന്റെ പേരിൽ നിക്ഷേപകർക്കുണ്ടായ പരിഭ്രാന്തി അകറ്റുന്നതിനു സർക്കാർ വിയർപ്പൊഴുക്കി പണിയെടുക്കണം. സഹകരണമേഖലയുടെ വിശ്വാസ്യത വീണ്ടെടുക്കാൻ സർക്കാരല്ലാതെ മറ്റാരാണു മുൻകൈയെടുക്കേണ്ടത്? നിക്ഷേപകരുടെ തുക തിരിച്ചുകൊടുത്തേ പറ്റൂ. തിരികെ ലഭിക്കുമെന്നറിഞ്ഞാൽ നിക്ഷേപകരാരും തുക പിൻവലിക്കണമെന്നു പറഞ്ഞ് ബാങ്കുകളിൽ ക്യൂ നില്ക്കില്ലല്ലോ. അതിനുള്ള ഫലപ്രദമായ സംവിധാനത്തെക്കുറിച്ച് മുഖ്യമന്ത്രിയുൾപ്പെടെയുള്ളവർ തുറന്നു പറയണം.

സഹകരണബാങ്ക് പ്രതിസന്ധിയിലായാൽ നിക്ഷേപകർക്ക് അഞ്ചുലക്ഷം രൂപവരെ ലഭിക്കുന്ന തരത്തിൽ ഗാരന്റി സ്കീം പുതുക്കിയ ഉത്തരവ് ജൂലൈയിൽ പുറത്തിറങ്ങിയെങ്കിലും അതിന്റെ ഗുണം നിക്ഷേപകർക്കു കിട്ടാനുള്ള നടപടിയെടുക്കാൻ അധികൃതർ വൈകി. കേരള കോ-ഓപ്പറേറ്റീവ് ഡിപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് ബോർഡിൽ അറുന്നൂറുകോടിയിലധികം രൂപയുണ്ട്. പക്ഷേ, ബാങ്കു പൂട്ടിയാൽ മാത്രമേ പണമെടുക്കാൻ കഴിയൂ എന്നു വ്യവസ്ഥയുള്ളതിനാൽ ബോർഡിൽനിന്നു പണമെടുക്കാൻ കഴിഞ്ഞിട്ടില്ല. ഒരൊറ്റവരി ഭേദഗതിയിലൂടെ സർക്കാരിന് അടിയന്തരമായി ഈ പ്രശ്നം പരിഹരിക്കാവുന്നതേയുള്ളൂ.

പ്രാഥമികസഹകരണബാങ്കുകൾ കരുതലായി മാറ്റിവയ്ക്കുന്ന പണം സർക്കാർ രൂപവത്കരിക്കുന്ന സഹകരണനിധിയിലേക്കു മാറ്റുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി സഹകരണചട്ടത്തിൽ ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്. നിയമസഭ പാസാക്കിയെങ്കിലും ഗവർണരുടെ അംഗീകാരത്തിനു നല്കിയിട്ടില്ല. അതിനാൽ, പ്രാബല്യത്തിലായിട്ടുമില്ല. പ്രാഥമികസഹകരണബാങ്കുകൾ പ്രവർത്തനലാഭത്തിന്റെ നിശ്ചിത വിഹിതം കരുതലായി മാറ്റണമെന്നു നിലവിൽ വ്യവസ്ഥയുണ്ട്. അടിയന്തരസാഹചര്യം നേരിടുന്നതിനാണ് ഈ തുക. പുതിയ സഹകരണനിയമം നിലവിൽ വന്നാൽ സഹകരണ കരുതൽനിധിയിലേക്ക് രണ്ടായിരം കോടി രൂപ ലഭിക്കും. പ്രതിസന്ധിയിലാകുന്ന സഹകരണബാങ്കുകൾക്കു സംരക്ഷണനിധിയിൽനിന്നു സഹായം അനുവദിക്കുന്ന പദ്ധതി പ്രയോജനപ്രദമാക്കിയാൽ തീരുന്ന പ്രശ്നങ്ങളേ നിലവിലുള്ളൂ.

സഹകരണബാങ്കുകൾ കേരളത്തിലെ ലക്ഷക്കണക്കിനാളുകളുടെ ആശ്രയവും അത്താണിയുമാണ്. കാർഷികം, ബാങ്കിങ്, ഭവനനിർമാണം തുടങ്ങിയ മേഖലകളിലൊക്കെ അതു നിർണായകപങ്കുവഹിക്കുന്നുണ്ട്. സഹകരണപ്രസ്ഥാനത്തിന്റെ ഗതകാലപ്രതാപവും സാധാരണക്കാരനെ സേവിക്കുകയെന്ന ലക്ഷ്യവും വീണ്ടെടുക്കാൻ സർക്കാരും ജനങ്ങളും കൈകോർക്കേണ്ട സമയമാണിത്. തെറ്റുകളിൽനിന്നു പാഠങ്ങൾ പഠിച്ചു മുന്നോട്ടു പോകാനുള്ള ഉൾക്കരുത്താണാവശ്യം. സഹകരണബാങ്കുകൾ പാർട്ടിബാങ്കുകൾ ആവരുതെന്നും ജനാധിപത്യപരമായ പ്രവർത്തനം ഉറപ്പാക്കണമെന്നുമുള്ള ജനേച്ഛ ഉത്തരവാദിത്വപ്പെട്ടവർ മനസ്സിലാക്കണം. സുതാര്യതയും കൃത്യതയും ഉറപ്പുവരുത്തി, നിയമാനുസൃതമാർഗങ്ങളിലൂടെ ജനസേവനം മുഖ്യ അജണ്ടയാക്കാൻ സഹകരണപ്രസ്ഥാനങ്ങൾ കരുത്താർജിക്കുകയാണു വേണ്ടത്. സഹകരണസ്ഥാപനങ്ങളിലെ നിക്ഷേപം സുരക്ഷിതമല്ലെന്ന പ്രചാരണത്തട്ടിപ്പിൽ നിക്ഷേപകർ വീഴാതിരിക്കാനും ശ്രദ്ധ വേണം.

# ഓരോ മിഷനറിയും ക്രിസ്തുവിനു സാക്ഷ്യം വഹിക്കുന്നു

## മാർ ജോസഫ് പാംബ്ലാനി




തലശ്ശേരി: ക്രിസ്തുവിനു സാക്ഷ്യം വഹിക്കാൻ നിരവധി മാതൃകകളുണ്ടെന്നും മിഷൻലീഗിലൂടെ പ്രേഷിതപ്രവർത്തനം നടത്തുന്ന അല്മായർ മിഷണറിമാരായി മാറുകയാണെന്നും തലശേരി ആർച്ചുബിഷപ് മാർ ജോസഫ് പാംബ്ലാനി. 'വിളിയറിഞ്ഞ് ഒരുമയോടെ വിളഭൂമിയിലേക്ക്' എന്ന മുദ്രാവാക്യമുയർത്തി ചെമ്പേരി വിമൽജ്യോതി എൻജിനീയറിംഗ് കോളജ് ഓഡിറ്റോറിയത്തിൽ നടന്ന ചെറുപുഷ്പ മിഷൻലീഗ് (സിഎംഎൽ) സംസ്ഥാന തല വാർഷികസമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ആർച്ചുബിഷപ്. സംസ്ഥാന പ്രസിഡന്റ് ബേബി പ്ലാശേരി അധ്യക്ഷത വഹിച്ചു.

സംസ്ഥാന ഡയറക്ടർ ഫാ. ഷിജു ഐക്കരക്കാനായിൽ, തലശേരി അതിരൂപത ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ, സംസ്ഥാന ജനറൽ സെക്രട്ടറി ജിന്റോ തകിടിയേൽ, അന്തർദേശീയ പ്രസിഡന്റ് ഡേവിസ് വല്ലൂരാൻ, ദേശീയ പ്രസിഡന്റ് സുജി പുല്ലുകാട്ട്, തലശേരി അതിരൂപത പ്രസിഡന്റ് ഷിജോ സ്രായിൽ, മലബാർ റീജണൽ ഓർഗനൈസർ രഞ്ജിത്ത് മുതുപ്ലാക്കൽ, ജനറൽ ഓർഗനൈസർ തോമസ് അടുപ്പുകല്ലുങ്കൽ എന്നിവർ പ്രസംഗിച്ചു. അന്തർദേശീയ ജനറൽ സെക്രട്ടറി ബിനോയ് പള്ളിപ്പറമ്പിൽ, അന്തർദേശീയ വൈസ് പ്രസിഡന്റ് ഏലിക്കുട്ടി എടാട്ട്, ദേശീയ റീജണൽ ഓർഗനൈസർ ബെന്നി മുത്തനാട്ട്, സംസ്ഥാന ജോയിന്റ് സെക്രട്ടറി സ്നേഹ വർഗീസ്, എക്സിക്യൂട്ടീവംഗം ആര്യ റെജി എന്നിവരും സന്നിഹിതരായിരുന്നു.

# കർദിനാൾ ടെലസ്ഫോർ ടോപ്പോയ്ക്ക് അന്ത്യാഞ്ജലി



റാഞ്ചി: കാലം ചെയ്ത റാഞ്ചി എമിരറ്റസ് ആർച്ചുബിഷപ് കർദിനാൾ ടെലസ്ഫോർ ടോപ്പോയുടെ ഭൗതികദേഹം കബറടക്കി. റാഞ്ചി സെന്റ്മേരീസ് കത്തീഡ്രലിലായിരുന്നു സംസ്കാരം. ഭൗതികശരീരം പൊതുദർശനത്തിനുവച്ചപ്പോൾ സമൂഹത്തിന്റെ നാനാതുറകളിൽപ്പെട്ട നിരവധിപേരാണ് അന്ത്യാഞ്ജലി അർപ്പിക്കാനെത്തിയത്.

വാർധക്യസഹജമായ അസുഖങ്ങളെത്തുടർന്നായിരുന്നു അദ്ദേഹത്തിന്റെ അന്ത്യം. 84 വയസ്സായിരുന്നു. നോർത്തേൺ മിഷൻ ഏരിയയിൽനിന്നുള്ള ആദ്യത്തെ കർദിനാളും, കർദിനാൾ കോളജിൽ അംഗമാകുന്ന ഏഷ്യയിലെ ആദിവാസി ഗോത്രവിഭാഗത്തിൽനിന്നുള്ള ആദ്യ വ്യക്തികൂടിയായിരുന്നു അദ്ദേഹം.

1939 ഒക്ടോബർ 15 ന് ജാർഖണ്ഡിലെ ചെയിൻപൂരിൽ ഒറോൺ ഗോത്രവർഗകുടുംബത്തിലെ പത്തു മക്കളിൽ എട്ടാമനായാണ് ടോപ്പോ ജനിച്ചത്. 1969 ൽ വൈദികനായി. 1984 ൽ റാഞ്ചിയുടെ ആർച്ചുബിഷപ്പായി ചുമതലയേറ്റ ടോപ്പോ 2018 ൽ സ്ഥാനമൊഴിയുന്നതുവരെ ആ സ്ഥാനത്തു തുടർന്നു. 2003 ൽ അന്നത്തെ മാർപാപ്പയായിരുന്ന വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പായാണ് അദ്ദേഹത്തെ കർദിനാൾപദവിയിലേക്ക് ഉയർത്തിയത്.

2005 ൽ ബെനഡിക്ട് പതിനാറാമൻ മാർപാപ്പയെ തിരഞ്ഞെടുത്ത കോൺക്ലേവിൽ കർദിനാൾ ടെലസ്ഫോർ ടോപ്പോയും പങ്കെടുത്തിരുന്നു. 2004 ലും 2006 ലും രണ്ടു തവണ ഭാരതത്തിന്റെ കത്തോലിക്കാമെത്രാൻ സമിതിയുടെ പ്രസിഡന്റായി അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടിരുന്നു. 2001 മുതൽ 2004 വരെയും, 2011 മുതൽ 2013 വരെയും ലത്തീൻ റീത്ത് ബിഷപ്പുമാർമാത്രമുള്ള കോൺഫെറൻസ് ഓഫ് കാത്തലിക് ബിഷപ്സ് ഓഫ് ഇന്ത്യയുടെ പ്രസിഡന്റായും അദ്ദേഹം സേവനമനുഷ്ഠിച്ചു.

# അക്ഷരമാലാപഠനം അനിവാര്യമോ?

ഭാഷാസ്നേഹികളുടെ നീണ്ടകാലത്തെ പരിശ്രമത്തിനും സമ്മർദങ്ങൾക്കുമൊടുവിൽ ഈ അധ്യയനവർഷാരംഭത്തിൽ പ്രൈമറിസ്കൂൾ പാഠപുസ്തകങ്ങളിൽ അക്ഷരമാല അച്ചടിച്ചുവന്നിരിക്കുകയാണല്ലോ. എന്നിരുന്നാലും, നിർഭാഗ്യമെന്നു പറയട്ടെ, പാഠ്യപദ്ധതി ചട്ടക്കൂടിൽ അക്ഷരമാലാപഠനം ഇപ്പോഴും ഉൾപ്പെടുത്തിയിട്ടില്ല. ഈ സന്ദർഭത്തിൽ ദീപനാളം ഭാഷാസ്നേഹികളായ വായനക്കാർക്കായി ഒരു സംവാദത്തിന് അവസമൊരുക്കുകയാണ്: **അക്ഷരമാലാപഠനം അനിവാര്യമോ?**

## അക്ഷരം – വാക്ക് – വാക്യം



**ഡോ. ജോർജ് ഓണക്കൂർ**

**അ**ക്ഷരമാലയിൽനിന്നുള്ള പഠനമാണു ശാസ്ത്രീയം എന്നു ഞാൻ വിശ്വസിക്കുന്നു. ആദ്യം അക്ഷരം, പിന്നെ വാക്ക്, അതിനുശേഷം വാക്യം. ഈ രീതിയിലാണു ഭാഷ വികസിക്കുന്നത്. നമ്മുടെ ആശയങ്ങൾ രൂപം പ്രാപിക്കുന്നതും അങ്ങനെയാണ്. വാക്യം പഠിച്ചിട്ട് വാക്കു മനസ്സിലാക്കി അക്ഷരങ്ങളിലേക്കു പിന്തിരിയുക എന്നതല്ല ഭാഷാപഠനത്തിന്റെ ശരിയായ രീതി എന്നതാണ് എന്റെ അഭിപ്രായം.

മലയാളത്തിന്റെ അക്ഷരമാലയ്ക്ക് വലിയ ഒരു സവിശേഷതയുണ്ട്. ഇംഗ്ലീഷിൽ ഇരുപത്തിയാറ് അക്ഷരങ്ങളേയുള്ളൂ. എന്നാൽ, മലയാളത്തിൽ അമ്പത്തിയൊന്ന് എന്നു പറയുമെങ്കിലും അതിനുമപ്പുറത്തേക്കു കൂട്ടക്ഷരങ്ങളെയും ചില്ലുകളെയുമൊക്കെ ചേർത്താൽ ധാരാളം അക്ഷരങ്ങളുണ്ട്. അതുകൊണ്ടുതന്നെയാണ് അക്ഷരമാല എന്ന പേരുതന്നെയുണ്ടായത്.

അതുകൊണ്ടുതന്നെ വാക്കുകളിലൂടെ അക്ഷരങ്ങളെ അടയാളപ്പെടുത്തുന്നതിനെക്കാൾ ശാസ്ത്രീയമായതും മാനസികമായി പൊരുത്തപ്പെട്ടുപോകാൻ കഴിയുന്നതുമായ രീതി അടിത്തറ ഉറപ്പിച്ചു മുമ്പോട്ടു പോവുക എന്നതുതന്നെയാണ്.

മലയാളം അക്ഷരങ്ങൾ എഴുതുന്നതിനുപോലും മറ്റു ഭാഷയിലെ അക്ഷരങ്ങളെക്കാൾ വലിയ വ്യത്യാസമുണ്ട്. അതിന്റെ അടിസ്ഥാനകാര്യങ്ങളെങ്കിലും മനസ്സിലാക്കിയെങ്കിൽമാത്രമേ ഭാഷാപഠനം പൂർണമാവുകയുള്ളൂ. ആദ്യം അക്ഷരം പഠിക്കുക, പിന്നെ വാക്കുകൾ മനസ്സിലാക്കുക, പിന്നീട് വാക്യങ്ങളിൽ പ്രയോഗിക്കുക.

മലയാളഭാഷയുടെ ഉപയോഗം ഓരോരുത്തരും ഓരോ തരത്തിലാണു നടത്തുന്നത്. എഴുതുന്നതിലും ഉച്ചരിക്കുന്നതിലുമൊക്കെ ഈ വ്യത്യാസം കാണാം. ഈ വ്യത്യസ്തതകളൊക്കെ ഭാഷയെ ആഴത്തിൽ പഠിക്കാൻ ശ്രമിക്കുന്നവരെ, പ്രാവീണ്യം നേടാൻ ശ്രമിക്കുന്നവരെ സംബന്ധിക്കുന്ന കാര്യമാണ്. എന്നാൽ, അടിസ്ഥാനപരമായ കാര്യമെന്നു പറയുന്നത് അക്ഷരങ്ങളുമായി പരിചയപ്പെടുകയെന്നതുതന്നെയാണ്.

എളുപ്പത്തിൽ എഴുതാൻ സാധിക്കുന്നതും കേട്ടുപരിചയമുള്ളതുമായ വാക്കുകളാണ് അക്ഷരങ്ങൾ പഠിച്ചതിനുശേഷം എഴുതാൻ പഠിക്കുന്നത്. അതുകൊണ്ടുതന്നെ, അർഥശങ്കയില്ലാതെ വാക്കുകൾ എഴുതാൻ കഴിയുന്നു. ഏതു വാക്കിന് ഏത് അക്ഷരമാണു പ്രയോഗിക്കേണ്ടത് എന്ന കാര്യത്തിൽ എന്റെ തലമുറയിലുള്ളവർക്കു യാതൊരു സന്ദേഹവുമില്ലാതിരുന്നതിന്റെ പ്രധാന കാരണം അടിസ്ഥാനമുറപ്പിച്ചുകിട്ടിയ അക്ഷരമാലാപഠനംതന്നെയാണെന്ന് തീർത്തു പറയാൻ കഴിയും.

പരീക്ഷണങ്ങൾ നല്ലതുതന്നെ. എങ്കിലും ഭാഷയെ അറിയാൻ അക്ഷരങ്ങൾ പഠിച്ചേ പറ്റൂ. അക്ഷരങ്ങൾ പഠിച്ചവർക്കേ വാക്കുകൾ എഴുതാൻ പറ്റൂ. കൂടുതൽ പദസമ്പത്തു കൈവശമുള്ളയാൾക്കേ വാക്യങ്ങൾ നന്നായി എഴുതാൻ കഴിയൂ. അവർക്കു മാത്രമേ ഭാഷയുടെ ശൈലിയിൽ പരിവർത്തനങ്ങൾ വരുത്താൻ സാധിക്കൂ.

അക്ഷരം – വാക്ക് – വാക്യങ്ങൾ എന്നിങ്ങനെ ഭാഷാപഠനം പുരോഗമിപ്പിക്കുന്നതാണ് ഭാഷയെ സംബന്ധിച്ചിടത്തോളം ആരോഗ്യകരമെന്ന് ഞാൻ വിശ്വസിക്കുന്നു.

## അക്ഷരം പഠിക്കാതെ എന്തു മാതൃഭാഷ?



**ഡോ. പോൾ മണലിൽ**

**കേ**രളത്തിലെ സ്കൂളുകളിലും കോളജുകളിലും പഠിക്കുന്ന മിക്ക വിദ്യാർഥികളും മലയാള അക്ഷരമാല നന്നായി അറിയാത്തവരാണ്. ചെറിയ ക്ലാസ്സുകളിൽ അക്ഷരമാല പഠിക്കാത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. എല്ലാ ക്ലാസുകളിലും എല്ലാ കുട്ടികളെയും നിർബന്ധമായും വിജയിപ്പിക്കണം എന്ന നിബന്ധനയുള്ളതുകൊണ്ടുകൂടിയാണ് അക്ഷരമാല പഠിക്കാൻ വിദ്യാർഥികളോ പഠിപ്പിക്കാൻ അധ്യാപകരോ താത്പര്യപ്പെടാത്തത്. അക്ഷരം അറിയാമെങ്കിലും ഇല്ലെങ്കിലും ക്ലാസ് കയറ്റം കിട്ടുമെന്നും ഉന്നതവിജയം നേടുന്നതിന് അക്ഷരശുദ്ധിയുടെ ആവശ്യമില്ല എന്നുമുള്ള ധാരണ വിദ്യാർഥിസമൂഹത്തിൽ മാത്രമല്ല, മാതാപിതാക്കളിലും അധ്യാപകരിലുംകൂടി ഉറച്ചുപോയിരിക്കുന്നു.

മുൻകാലങ്ങളിൽ എൽ.പി. ക്ലാസുകളിൽത്തന്നെ കുട്ടികൾ അക്ഷരമാലാപഠനം പൂർത്തിയാക്കും. വ്യാകരണത്തിന്റെ ബാലപാഠങ്ങൾ യു.പി. ക്ലാസുകളിൽ പഠിച്ചുതുടങ്ങും. എന്നാൽ, ഇന്നത്തെ വിദ്യാർഥികൾ ഭൂരിഭാഗത്തിനും അക്ഷരവുമറിയില്ല, വ്യാകരണവുമറിയില്ല.

പത്രങ്ങൾ ഉൾപ്പെടെയുള്ള മലയാളം പ്രസിദ്ധീകരണങ്ങളുടെ പ്രചാരം കുറയുന്നു എന്ന വസ്തുത ഒരു പത്രപ്രവർത്തകൻ എന്ന നിലയിൽ എനിക്കു വ്യക്തമായി പറയാൻ കഴിയും. അക്ഷരം അറിയില്ലെങ്കിൽ വായന എന്ന സംഗതിക്കു പ്രസക്തിയില്ലല്ലോ. വായനക്കാർ കുറയുമ്പോൾ സർക്കുലേഷൻ കുറയുന്നു. മുഖ്യധാരാപ്രസിദ്ധീകരണങ്ങൾപോലും പിടിച്ചുനിൽക്കാൻ ബുദ്ധിമുട്ടുകയാണ്. സമൂഹമാധ്യമങ്ങളിൽക്കൂടി ആവശ്യമായ വിവരങ്ങൾ കിട്ടുന്നതുകൊണ്ട് പൊതുവിജ്ഞാനത്തിനായി പത്രങ്ങളെ ആശ്രയിക്കേണ്ടിവരുന്നില്ല.

പല വിദേശരാജ്യങ്ങളിലും ശാസ്ത്രഗവേഷണങ്ങൾപോലും നടക്കുന്നത് അവരവരുടെ മാതൃഭാഷയിൽത്തന്നെയാണ്. വിദേശരാജ്യങ്ങളോടുള്ള അമിതമായ ഭ്രമം മാതൃഭാഷയെ ഒഴിവാക്കി മറ്റു ഭാഷകൾ പഠിക്കാൻ മലയാളിയെ പ്രേരിപ്പിക്കുന്നു. വിദേശങ്ങളിലെ ഉയർന്ന ജോലിക്കും ഉന്നതവിദ്യാഭ്യാസത്തിനും ഇംഗ്ലീഷുപോലുള്ള വിദേശഭാഷകൾ പഠിച്ചേ മതിയാവൂ. എന്നാൽ, മലയാളിയുടെ വേരുകൾ നിലനില്ക്കുന്നത് ഇവിടെയാണ്, ഈ അക്ഷരങ്ങളിലാണ്. അതുകൊണ്ടുതന്നെ ഓരോ വിദ്യാർഥിയും മലയാള അക്ഷരമാല സ്വായത്തമാക്കിയേ മതിയാവൂ.



**ഡോ. ജാൻസി ജെയിംസ്**

**മ**ലയാളം അക്ഷരമാല വീണ്ടും പാഠപുസ്തകങ്ങളിലേക്കു തിരികെ വന്നിരിക്കുന്നു. എപ്പോഴാണ് അക്ഷരമാല പാഠപുസ്തകങ്ങളിൽനിന്ന് അപ്രത്യക്ഷമായതെന്ന് അറിഞ്ഞുകൂടാ. ആരാണിത് അപ്രത്യക്ഷമാക്കിയതെന്നുള്ളതും ഒരു കടങ്കഥയായിത്തന്നെ തുടരുന്നു.

## അക്ഷരം അറിവിന്റെ താക്കോൽ

സ്കൂളുകളിൽ ഇപ്പോൾ മലയാളം പഠിപ്പിക്കുന്നത്, പ്രത്യേകിച്ച് അൺ എയ്ഡഡ് സ്കൂളുകളിൽ, കുട്ടികൾക്ക് വളരെ അസന്തുഷ്ടി ഉണ്ടാക്കുന്ന രീതിയിലാണ്. ഒട്ടും ആകർഷണീയമല്ല നമ്മുടെ സ്കൂളുകളിലെ മലയാളപഠനം. വാസ്തവത്തിൽ, പല കാര്യങ്ങളും വേണ്ടവിധമറിയാതെ പകുതി അജ്ഞതയിലാണ് ഭാഷ പഠിച്ചുപോകുന്നത്. ചോദ്യോത്തരങ്ങൾ പഠിക്കാൻ, പരീക്ഷകളിൽ മാർക്കു നേടാൻ മാത്രം പഠിക്കുന്ന ഒരു രീതിയാണിത്. ഭാഷാപഠനത്തിന് ഏറ്റവും പ്രധാനം അക്ഷരങ്ങളുടെ പഠനംതന്നെയാണ്.

കുട്ടികൾ ക്ലാസ്മുറികളിലെത്തുന്നത് തീർച്ചയായും ഭാഷ ഉപയോഗിച്ചുകഴിഞ്ഞിട്ടുതന്നെയാണ്. അവരെ സംബന്ധിച്ചിടത്തോളം അക്ഷരം വലിയൊരു താക്കോലാണ്; അറിവിന്റെ വലിയൊരു മേഖലയാണ്. കുട്ടി പറഞ്ഞു പഠിച്ച വാക്കുകൾ എഴുതുകയെന്നത് അവനെ സംബന്ധിച്ച് വലിയ കാര്യമാണ്. അത് എങ്ങനെയെന്നു മനസ്സിലാക്കാനുള്ള ഒരു വാതിലാണല്ലോ അക്ഷരമാലാപഠനം. അത് കൃത്യമായി, തെറ്റില്ലാതെ പഠിച്ചെങ്കിൽ മാത്രമേ പിന്നീട് വാക്യങ്ങളെഴുതുമ്പോൾ അക്ഷരത്തെറ്റ് ഇല്ലാതിരിക്കുകയുള്ളൂ. അത് ഭാഷാപഠനത്തിന്റെ അടിസ്ഥാനത്തിലാണ്. ഇതുതന്നെയാണ് ഏറ്റവും പ്രധാനപ്പെട്ട പഠനരീതിയും.

പത്താംക്ലാസുവരെ സർക്കാർ സ്കൂളിൽ പഠിച്ച ഒരു വിദ്യാർഥിനിയെന്ന നിലയിൽ എനിക്കു പറയാൻ കഴിയും, എത്ര അനായാസമാണ് ഞാൻ അക്ഷരങ്ങൾ പഠിച്ചതും ഭാഷ ഉപയോഗിക്കാൻ ശീലിച്ചതുമെന്ന്. അക്ഷരപഠനമെന്നത് നമ്മുടെ ജീവിതത്തിലെ ദൈനംദിനപ്രവൃത്തികൾപോലെ തന്നെ ഒരിക്കലും ഒഴിവാക്കാൻ പറ്റാത്തതും സ്വാഭാവികവുമായിരുന്നു. അതുകൊണ്ടുതന്നെ, ഒരുറപ്പും സന്തോഷവും ആത്മവിശ്വാസവും മലയാളം ഉപയോഗിക്കാനും എഴുതാനും എനിക്കുണ്ട്. ഞാൻ ഒരു ഇംഗ്ലീഷ് അധ്യാപികയായിരുന്നിട്ടുകൂടി മലയാളത്തെക്കുറിച്ചു സംസാരിക്കാൻ എനിക്ക് ഇത്രയേറെ ധൈര്യവും ആത്മവിശ്വാസവുമുള്ളത് ഞാൻ പഠിച്ച സർക്കാർസ്കൂളിൽ എന്റെ പ്രിയപ്പെട്ട അധ്യാപകർ പകർന്നുതന്ന ഉറപ്പുള്ള അടിത്തറ ഒന്നുകൊണ്ടുമാത്രമാണ്.

ശാസ്ത്രസാങ്കേതികവിദ്യയിലെ വളർച്ച നമുക്കു നൽകിയിരിക്കുന്ന വലിയ ഉപകാരങ്ങളോടൊപ്പം നമുക്കു സംഭവിച്ചിരിക്കുന്ന വലിയൊരു നഷ്ടമാണ് എഴുതാനുള്ള കഴിവ് കുറഞ്ഞുവരുന്നത്. ഇതിനു കാരണം പ്രധാനമായും അക്ഷരമറിയില്ല എന്നതുതന്നെയാണ്.

ഭാഷാധ്യാപകർ വളരെ ഗൗരവത്തോടെയും ശാസ്ത്രീയമായും ഭാഷാപഠനത്തെയും അക്ഷരപഠനത്തെയും കൈകാര്യം ചെയ്യേണ്ടിയിരിക്കുന്നു.

## അക്ഷരം പിഴച്ചാൽ



**റോസ്മേരി**

**മ**ലയാളം പാഠപുസ്തകത്തിൽനിന്ന് അക്ഷരമാല നീക്കം ചെയ്തിരുന്നു എന്ന വാർത്ത ഞെട്ടലോടെയാണു കേട്ടത്. അക്ഷരം പഠിക്കാതെ എങ്ങനെയാണ് ഒരു ഭാഷ പഠിക്കുക? ഒരു ഗോപുരത്തിന്റെ അടിത്തറ കെട്ടിപ്പൊക്കുന്നതുപോലെയല്ലേ അക്ഷരപഠനം? ഭാഷാപഠനത്തിന്റെ ആധാരശിലയാണത്. അക്ഷരങ്ങൾ പരിചിതമാവാതെ വാക്കുകൾ ഉറയ്ക്കുകയില്ല. സംസാരിക്കാൻമാത്രമായി നാം അക്ഷരം പഠിക്കേണ്ടതില്ല. വാമൊഴി വഴക്കത്തിൽ അത് ശീലമായിക്കൊള്ളും. എന്നാൽ, ശരിയായ വിധത്തിൽ ആശയങ്ങൾ എഴുതിയവതരിപ്പിക്കാൻ അക്ഷരമാല പഠിച്ചേ മതിയാവൂ.

നാടോടികളുടെ നൃത്തങ്ങൾ, മറ്റു കലാരൂപങ്ങൾ മുതലായവ ശാസ്ത്രീയമായി അഭ്യസിക്കുന്നതൊന്നുമല്ല. അത് അവരുടെ ഉള്ളിൽനിന്നുള്ള ഒരു താളമാണ്. അല്ലെങ്കിൽ അവരുടെ ശാരീരികമോ ഗോത്രപരമോ ആചാരപരമോ ആയ ചലനങ്ങൾ ഒക്കെ സമന്വയിപ്പിച്ചാണ് എന്നു ശ്രദ്ധിച്ചാൽ മനസ്സിലാവും. അവയും കണ്ണിന് ഇമ്പം തരുമായിരിക്കും. എന്നാൽ, യഥാർഥമായ, ശാസ്ത്രീയനൃത്തം ചുവടുകൾ ഹൃദിസ്ഥമാക്കാതെയും താളബോധമില്ലാതെയും ചെയ്താൽ ഹൃദ്യമാവുകയില്ല.

അക്ഷരമാല പഠിച്ചതുകൊണ്ടും മനസ്സിരുത്തി ഉൾക്കൊണ്ടതുകൊണ്ടുമാണ് എന്റെ ഭാഷ മെച്ചപ്പെട്ടത്. ഒരു ആശാൻകളരിയിലാണ് എന്നെ എഴുത്തിനിരുത്തിയത്. ആശാൻ, എന്റെ ചൂണ്ടാണിവിരൽ നിലത്തു വിരിച്ച മണലിൽ അമർത്തിയെഴുതിക്കുമ്പോൾ എന്റെ വിരലറ്റം വല്ലാതെ നൊന്തിരുന്നു. അക്ഷരം ഉറക്കെപ്പറഞ്ഞുകൊണ്ടുവേണം എഴുതാൻ. അക്ഷരത്തിന്റെ വടിവ് അല്പം കുറഞ്ഞാൽ ആശാൻ ഉഗ്രകോപിയായി പരിണമിക്കും. അങ്ങനെ കാർക്കശ്യത്തോടെ, നിർബന്ധബുദ്ധിയോടെ പഠിപ്പിച്ചതുകൊണ്ട് ആ അക്ഷരങ്ങളൊക്കെ കല്ലിൽ കൊത്തിവച്ചതുപോലെ മനസ്സിൽ പതിഞ്ഞുകിടപ്പുണ്ട്.

എത്രയെഴുതിയാലും ശരിയാവാത്ത 'ല്ല' 'ഝ' മുതലായ അക്ഷരങ്ങൾ നാരായണനാശാന്റെ ചില ശിക്ഷാവിധികളും കർശനമായ മേൽനോട്ടവുംമൂലം മായാതെ മനസ്സിൽ തെളിഞ്ഞുകിടക്കുന്നു. ഇത് എന്റെ ഭാഷാപഠനത്തെയും എഴുത്തുജീവിതത്തെയും മുന്നോട്ടു കൊണ്ടുപോകുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്.

# അക്ഷരമാലാപഠനം അത്യാവശ്യമല്ല


രവിശങ്കർ എസ്. നായർ

സ്കൂൾ ക്ലാസുകളിൽ അക്ഷരമാല പഠിപ്പിക്കുന്നില്ല എന്നും ഇത് യുവതലമുറയുടെ ഭാഷാപ്രാവീണ്യത്തെ സാരമായി ബാധിച്ചിട്ടുണ്ട് എന്നും ഒരു ആരോപണം അടുത്തകാലത്ത് ഉയർന്നുവന്നിട്ടുണ്ട്. അതേത്തുടർന്ന് അക്ഷരമാല പാഠപുസ്തകത്തിൽ ഉൾപ്പെടുത്താമെന്നും ഭാഷാപ്രാവീണ്യം മെച്ചപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കാമെന്നും സർക്കാർ ഭാഗത്തുനിന്നും ചില ഉറപ്പുകളും ഉണ്ടായിട്ടുണ്ട്. ഇവിടെ രണ്ടു കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

ഒന്ന്, പുതിയ തലമുറയുടെ ഭാഷാപ്രാവീണ്യം, പ്രത്യേകിച്ച് ലിഖിതശേഷികൾ വളരെ മോശമാണോ? മുൻകാലങ്ങളിൽ ഉള്ളതിനെക്കാൾ എന്തെങ്കിലും രീതിയിൽ അതിന്റെ നിലവാരം കുറഞ്ഞിട്ടുണ്ടോ? രണ്ട്, അങ്ങനെ ഉണ്ടായിട്ടുണ്ടെങ്കിൽത്തന്നെ അക്ഷരമാല പഠിക്കാത്തതുകൊണ്ടാണോ ഇതു സംഭവിച്ചിട്ടുള്ളത്? ഇതു നാം ശ്രദ്ധാപൂർവം പഠിക്കേണ്ട വിഷയമാണോ? കാരണം, അക്ഷരമാലാപഠനം ഇല്ലെങ്കിൽ അക്ഷരത്തെറ്റുകൾ ഉണ്ടാകും, ഭാഷാപ്രാവീണ്യം കുറയും തുടങ്ങിയ വാദഗതികൾ വളരെ യുക്തിസഹമാണ് എന്ന് ആളുകൾക്കു പെട്ടെന്നു തോന്നിയേക്കാം. ഇത് ഭാഷാശാസ്ത്രപരമായോ ബോധനശാസ്ത്രപരമായോ ഉള്ള വശങ്ങൾ വേണ്ടത്ര ശ്രദ്ധിക്കാതെയോ വിലയിരുത്താതെയോ സമീപിക്കുന്നതുകൊണ്ടുണ്ടാകുന്ന തോന്നലാണ്.

പുതിയ തലമുറയുടെ ഭാഷാശേഷി കുറഞ്ഞുകൊണ്ടിരിക്കുന്നു എന്ന അഭിപ്രായം എക്കാലത്തും ഉണ്ടായിരുന്നു. പ്രത്യേകിച്ച്, അക്ഷരത്തിന് വളരെ പ്രാധാന്യം കൊടുക്കുന്ന, അക്ഷരം സൂക്ഷ്മമായി പഠിക്കുകയും പഠിപ്പിക്കുകയും ഒക്കെ ചെയ്ത പഴയ തലമുറയ്ക്ക്. ഇതു ശരിയല്ല എന്നു മനസ്സിലാക്കാൻ നമ്മുടെ താളിയോലകൾ പരിശോധിച്ചാൽ മനസ്സിലാകും. പണ്ടുകാലത്ത് നിലത്തെഴുത്താശാന്മാരുടെകൂടെ വർഷങ്ങളോളം പഠിച്ച്, സാക്ഷരത നേടിയ വളരെക്കുറച്ച് ആളുകൾ പകർത്തിയെഴുതിയതാണ് താളിയോലകൾ. അധ്യാത്മരാമായണം പോലെയുള്ള കൃതികളുടെ മുന്നൂറും നാനൂറും വർഷം പഴക്കമുള്ള പകർപ്പുകൾ ലഭ്യമാണ്.

ഇവയിലൊക്കെ പകർപ്പുപിഴകൾ, അക്ഷരത്തെറ്റുകൾ, കേട്ടെഴുതുമ്പോഴോ നോക്കിയെഴുതുമ്പോഴോ വരുന്ന തെറ്റുകൾ ധാരാളമുണ്ട്. അത് ഇന്നുള്ളതിനെക്കാൾ കൂടുതലാണെന്നു പരിശോധിച്ചാൽ മനസ്സിലാകും. അല്ലാതെ, അക്ഷരത്തെറ്റില്ലാതെ, വളരെ ഉയർന്ന നിലവാരത്തിൽ എഴുതിക്കൊണ്ടിരിക്കുന്ന ഒരു സമൂഹത്തിൽനിന്ന് അക്ഷരം നന്നായി എഴുതാനറിയാത്ത ഒരു സമൂഹമായി നാം മാറിയിട്ടൊന്നുമില്ല.

അക്ഷരത്തെറ്റ് ഉണ്ടാകുന്നുവെന്നുള്ള ഒരു തോന്നൽ നമുക്കു വരാൻ കാരണം മറ്റുള്ളവർ എഴുതുന്നത് നാമിപ്പോൾ കാണുന്നു എന്നുള്ളതുകൊണ്ടാണ്. സൈബർ ഇടങ്ങളിലും എഴുത്തുമേഖലയിലും നാം അതു കാണുന്നുണ്ട്. നേരത്തേ ഇങ്ങനെ കാണാനുള്ള അവസരങ്ങൾ കുറവായിരുന്നു. അതുകൊണ്ടുതന്നെ തെറ്റുകൾ കൂടുതൽ മനസ്സിലാവുന്നു.

സംസ്കൃതത്തിൽനിന്നു കടംകൊണ്ട ശബ്ദങ്ങൾ എഴുതുമ്പോഴാണ് കൂടുതലായും തെറ്റിനെയും ശരിയെയും കുറിച്ചു നാം ചിന്തിക്കുന്നത്. സംസ്കൃതപദങ്ങളുടെ അതേ ഉച്ചാരണം മലയാളിക്കു വഴങ്ങുന്നില്ല എന്നതും വാസ്തവമാണ്. ഇപ്പോഴെന്നല്ല, അത് ഒരിക്കലും കഴിഞ്ഞിരുന്നില്ല. ഉദാഹരണത്തിന്, മേഘം, നഖം, രാധ, രഥം തുടങ്ങിയ പദങ്ങൾ മലയാളി ഉച്ചരിക്കുന്നത് ഒരേ രീതിയിൽത്തന്നെയാണ്. ഈ ഉച്ചാരണംകൊണ്ടാണ് തെറ്റുകൾ വരുന്നത്.

വാക്കുകൾ ഒരേ രീതിയിൽ സംസാരിക്കുമ്പോൾ സ്വാഭാവികമായും അതേ രീതിയിൽത്തന്നെ എഴുതും. അക്ഷരമാല പഠിപ്പിക്കുന്നതുമായി ഇതിന് ഒരു ബന്ധവുമില്ല.

അന്യഭാഷകളിൽനിന്നു കടംകൊണ്ട എല്ലാ വാക്കുകൾക്കും മേല്പറഞ്ഞ പ്രശ്നങ്ങൾ ഉണ്ട്. അക്ഷരമാല പഠിപ്പിക്കാത്തതാണ് രചനാവൈകല്യങ്ങൾക്കു കാരണമെന്നു വാദിക്കുന്നതു തികച്ചും ബാലിശമാണ്. എടുത്തുപറയേണ്ട ഒരു കാര്യം, നല്ല മലയാളം എന്നു പറയുന്നത് അക്ഷരത്തെറ്റില്ലാത്ത മലയാളം അല്ല, ആശയങ്ങൾ വ്യക്തമായും ചിട്ടയായും എഴുതുകയോ പറയുകയോ ചെയ്യുന്നതാണത്. അക്ഷരമാല പഠിപ്പിച്ചാൽ ഈ അക്ഷരത്തെറ്റുകൾ ഒഴിവാക്കാം എന്നു പറയുന്നതു ശരിയല്ല. അക്ഷരമാലയും അക്ഷരത്തെറ്റുമായി ഒരു ബന്ധവുമില്ല. അക്ഷരമാല എന്നത് അക്ഷരങ്ങളുടെ ഒരു ക്രമീകരണം മാത്രമാണ്. ഇതു പഠിപ്പിക്കുന്നതുകൊണ്ട് ഭാഷാപരമായ യാതൊരു പ്രാവീണ്യവും നമുക്കു ലഭിക്കുന്നില്ല എന്നതാണ് വാസ്തവം. മലയാളത്തിലെ മാത്രമല്ല, ഇന്ത്യൻ ഭാഷകളിലെയെല്ലാം അക്ഷരമാലകൾ സ്വനവിജ്ഞാപനപരമായ ഒരു തത്ത്വമനുസരിച്ചാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത് എന്നതു ശരിയാണ്. ഭാഷ ഉപയോഗിക്കുന്നവരിൽ ഇത് സംഗതമായിട്ടുള്ള കാര്യമല്ല. ഇതിന്റെ ഫൊണറ്റിക്സ് ഒന്നും മനസ്സിലാക്കാൻ ചെറിയ കുട്ടികൾക്കു കഴിയുകയുമില്ല, അതിന്റെ ആവശ്യവുമില്ല.

ഭാഷാശാസ്ത്രപരമോ ഭാഷാബോധനപരമോ ആയ തലത്തിൽ നിന്നുകൊണ്ട് ഈ പ്രശ്നത്തെ സമീപിക്കാതെ, ഞാൻ പഠിച്ചത് ഇങ്ങനെയാണ്, അതുകൊണ്ട് ഇങ്ങനെതന്നെ മതി എന്ന് പല ഭാഷാപണ്ഡിതന്മാരും ഈ പ്രശ്നത്തെ സമീപിക്കുന്നതുകൊണ്ടാണ് ഇത്തരം വിവാദങ്ങൾ ഉണ്ടാകുന്നത്.

# അക്ഷരം പഠിക്കാതെ എഴുതുന്നതെങ്ങനെ?


ഡോ. തോമസ് മൂലയിൽ

കേട്ട് സംസാരിച്ച്, എഴുതി, വായിച്ചു പഠിക്കുകയെന്നതാണ് ഭാഷാപഠനത്തിനു ലോകമെങ്ങും സ്വീകരിച്ചിരിക്കുന്ന ശാസ്ത്രീയമായ രീതി എന്നാണ് എസ്. സി. ഇ. ആർ. ടി. ഡയറക്ടർ ഡോ. ആർ.കെ. ജയപ്രകാശം ഈയിടെ ഇറക്കിയ ഒരു പത്രക്കുറിപ്പിൽ പറഞ്ഞിരിക്കുന്നത്. ഈയിടെ പ്രസിദ്ധീകരിച്ച കേരളഭാഷാ പാഠ്യപദ്ധതി ചട്ടക്കൂടുമായി ബന്ധപ്പെട്ടുണ്ടായ തർക്കവിതർക്കങ്ങളുടെ പശ്ചാത്തലത്തിലാണ് അദ്ദേഹം ഇപ്രകാരം അഭിപ്രായപ്പെട്ടത്. അതിനു നിമിത്തമായ 246 പേജുള്ള ഈ ബൃഹദ്ഗ്രന്ഥത്തിന്റെ 140-ാമത്തെ പേജിൽ പറയുന്നു: കുട്ടികളെ പഠിപ്പിക്കേണ്ടത് എഴുത്തുഭാഷയാണ്. കേവലം അക്ഷരങ്ങളല്ല. 143-ാമത്തെ പേജിൽ പറയുന്നു: ഒന്ന്, രണ്ട് ക്ലാസുകളിൽ ആശയാവതരണരീതിയാണ് സ്വീകരിക്കേണ്ടത്. ഭാഷ സ്വാഭാവികവും സമഗ്രവുമായി ആർജിക്കുന്നതിന് ഈ രീതിയാണ് ഫലപ്രദം.

ആശയാവതരണരീതിയോട് ആർക്കും വിയോജിപ്പില്ല. കേൾക്കുക, സംസാരിക്കുക, എഴുതുക, വായിക്കുക എന്ന നാലു വാക്കുകളാണുള്ളത്. ഇവിടെ 'എഴുതുക' എന്ന വാക്കിന്റെ പ്രസക്തിയാണ് ചോദ്യം ചെയ്യപ്പെടുന്നത്. കേവലം അക്ഷരങ്ങളല്ല പഠിപ്പിക്കേണ്ടത് എന്നല്ലേ ചട്ടക്കൂടു പറയുന്നത്. അക്ഷരം കൂടാതെ എങ്ങനെയാണ് എഴുതാൻ കഴിയുന്നത്? അക്ഷരം എഴുതാതെ എങ്ങനെയാണ് പഠിക്കുന്നത്? അക്ഷരം പഠിപ്പിക്കാതെ എങ്ങനെയാണു പഠിക്കുന്നത്? അക്ഷരം എഴുതിയെങ്കിലല്ലേ വായിക്കാൻ കഴിയുകയുള്ളൂ.

ആശയാവതരണരീതി അംഗീകരിച്ചുകൊണ്ടുതന്നെ ഞാൻ ചോദിക്കട്ടെ: അഞ്ചുവയസ്സുള്ള കുട്ടിക്ക് അമ്മയെക്കുറിച്ച് ആശയമുണ്ട്. എന്റെ അമ്മ എനിക്കാര് എന്ന് അറിഞ്ഞനുഭവിച്ച് ആസ്വദിച്ചുവന്ന കുട്ടിയാണ്. അമ്മ എന്ന വാക്കുണ്ട്, അമ്മേ, എനിക്കു വിശക്കുന്നു എന്ന വാക്യവും ഉണ്ട്. ഇനി ഇത് എഴുതണം. അക്ഷരമില്ലാതെ എങ്ങനെയാണ് എഴതുന്നത് എന്ന കാര്യമേ നാം പറയുന്നുള്ളൂ. എഴുതണമെങ്കിൽ അക്ഷരം പഠിക്കണം. ആരെങ്കിലും പഠിപ്പിക്കാതെ എങ്ങനെയാണ് കുട്ടി പഠിക്കുന്നത്? വായിക്കണമെങ്കിലും എഴുതണമെങ്കിലും അക്ഷരം പഠിക്കണം. ഒന്നാം പാഠപുസ്തകത്തിലെ ഒന്നാം അധ്യായം വീടിനെക്കുറിച്ചാണ്. ആ വീട്ടിൽ അച്ഛൻ, അമ്മ, അപ്പൂപ്പൻ, അമ്മൂമ്മ എന്നുവേണ്ട പട്ടി, പൂച്ച, കോഴി, പശു, പശുത്തൊഴുത്ത് തുടങ്ങിയവയെല്ലാം കൊടുത്തിട്ടുണ്ട്. അനുദിനം ഇവയെല്ലാം വീട്ടിൽ കണ്ടുവളരുന്ന ഒരു കുട്ടിക്ക് ഈ ആശയങ്ങളെല്ലാം ടീച്ചർ പഠിപ്പിക്കേണ്ടതുണ്ടോ?

അതേസമയം, ഈ ആശയങ്ങൾ എഴുതാനും വായിക്കാനും കുട്ടിയെ പഠിപ്പിക്കുകതന്നെ വേണം. അക്ഷരത്തിൽനിന്ന് ആരംഭിക്കണം എന്നു പറയുന്നതിന്റെ പ്രസക്തി ഇതാണ്. ഇതിൽ എന്തു തെറ്റാണുള്ളത്?

എഴുപത്തഞ്ചുകൊല്ലം മുമ്പ് നാലുമാസംകൊണ്ട് 49 അക്ഷരങ്ങളും എഴുതാൻ പഠിച്ചയാളാണ് ഞാൻ. അവ നന്നായി ഉച്ചരിക്കാനും പഠിച്ചിരുന്നു. ഇത് നൂറ്റാണ്ടുകളായി തുടർന്നുപോരുന്ന ഒരു പഠനസമ്പ്രദായമാണ്. സ്വാതിതിരുനാൾ മഹാരാജാവിന്റെ കാലത്ത് അദ്ദേഹത്തിന്റെ ഒരു കല്പന ഉണ്ടായിരുന്നു: എട്ടുവയസ്സായ ഒരു കുട്ടിപോലും എഴുത്തും വായനയും അറിയാത്തവരായി തിരുവിതാംകൂറിൽ ഉണ്ടാകാൻ പാടില്ല. അന്നത് പറ്റുമായിരുന്നു. ഇന്നതു പറ്റില്ല. ശാസ്ത്രീയമല്ലത്രേ!

'അ' എന്ന അക്ഷരത്തിന്റെ ഘടന കാണുമ്പോൾ കുട്ടി പേടിച്ചുപോകുന്നു എന്നത്രേ മനഃശാസ്ത്രജ്ഞന്മാരുടെ വാദം. എഴുതിയെഴുതി അക്ഷരം വരച്ചെടുക്കാൻ കുട്ടി പഠിക്കുന്നു. അത് മാനസികാധ്വാനമാണെന്നും സമ്മർദമാണെന്നും മനഃശാസ്ത്രജ്ഞന്മാർ പറഞ്ഞാൽ എന്തുചെയ്യാൻ കഴിയും! എന്നാൽ, കുട്ടിക്ക് സമ്മർദമല്ല ഉണ്ടാകുന്നത്. എഴുതുമ്പോൾ ഒരു ചിത്രം വരച്ച അനുഭവമാണ് കുട്ടിക്ക് ഉണ്ടാകുന്നത്. ഇവിടെ അവന് ആത്മാഭിമാനവും ആത്മവിശ്വാസവുമാണ് ഉണ്ടാകുന്നത്.

അക്ഷരമാല പാഠപുസ്തകത്തിൽ ചേർത്താൽ മാത്രം പോരാ, അക്ഷരമാല നിർബന്ധമായും പാഠ്യപദ്ധതി ചട്ടക്കൂടിൽ ഉൾപ്പെടുത്തി പഠിപ്പിക്കണം എന്നാണ് വിദ്യാഭ്യാസമന്ത്രിയോട് എനിക്ക് അഭ്യർഥിക്കാനുള്ളത്.

# അക്ഷരമാലയെവിടെ കണ്ടതും കേട്ടതുമെവിടെ ?


വിദ്യ വിജയകുമാർ

മനുഷ്യൻ ആശയവിനിമയത്തിന് രണ്ടുതരം ഭാഷകൾ ഉപയോഗിക്കുന്നു. ഒന്നാം ഭാഷയും രണ്ടാം ഭാഷയും. മാതൃഭാഷ അവന്റെ ഒന്നാം ഭാഷയാണ്. ഒരു വ്യക്തി ഒരു രണ്ടാം ഭാഷ പഠിച്ചെടുക്കുന്നതിന് പല രീതികളുണ്ട്. അതിലൊന്നാണ് അക്ഷരമാലാപഠനം. എന്നാൽ, ഒന്നാം ഭാഷ അങ്ങനെയല്ല പഠിക്കുന്നത്. ഒരു കുട്ടി ജനിക്കുമ്പോൾ മുതൽ ആ ഭാഷ കേട്ടു പഠിച്ച്, മനസ്സിലാക്കിയാണ് വളരുന്നത്. ഒരു വസ്തുവിനെ ചൂണ്ടിക്കാട്ടി ഇതാണ് ഇതിന്റെ പേര് എന്നൊന്നും ആരും ആർക്കും പറഞ്ഞുകൊടുത്തിട്ടല്ല; നാമത് സ്വാഭാവികമായി, ആളുകൾ സംസാരിക്കുന്നതുകേട്ട് മനസ്സിലാക്കുകയാണ്. അങ്ങനെയുള്ള ഒരു ഭാഷ അക്ഷരമാലയുടെ നിബന്ധനകൾ അനുസരിച്ചു പഠിക്കേണ്ട കാര്യമില്ല.

ഒരു കുട്ടി ഭാഷാപഠനം ആരംഭിക്കുന്നത് അക്ഷരമാലയിൽനിന്നല്ല. ലിപിയില്ലാത്ത എത്രയോ ഭാഷകളുണ്ട്. അവയും സംസാരിക്കപ്പെടുന്നില്ലേ? അവ പഠിക്കണമെങ്കിൽ അക്ഷരമാല പഠിച്ചേ തീരൂ എന്നു ശഠിക്കുന്നതിൽ എന്തെങ്കിലും അർഥമുണ്ടോ? ഒരു ഭാഷയുടെ കാതൽ എന്നു പറയുന്നത് അതിലെ ശബ്ദങ്ങളാണ്. ശബ്ദങ്ങൾ പഠിക്കുന്നതിന് ലിപിയുടെ ആവശ്യമില്ല. ലിപി ഉപയോഗിക്കുന്നത് ഭാഷ സൂക്ഷിച്ചുവയ്ക്കുന്നതിനും ആശയവിനിമയം കുറെക്കൂടി എളുപ്പമാക്കുന്നതിനുമാണ്. ആശയവിനിമയത്തിനും ലിപി വേണമെന്നു നിർബന്ധമില്ല. എന്തെങ്കിലും എഴുതുമ്പോൾ മാത്രമാണ് ലിപിയുടെ ആവശ്യം വരുന്നത്.

മലയാളത്തെപ്പോലെ ഇത്രയും ഭാഷാഭേദങ്ങളുള്ള ഒരു ഭാഷയ്ക്ക് ഒരു ലിപി എന്നതുതന്നെ അസംബന്ധമാണ്. മലയാളത്തിന്റെ ഭാഷാഭേദങ്ങളുടെയെല്ലാം ലിപി ഒന്നുതന്നെയാണ് എന്നു പറയുന്നതിലും വലിയ കാര്യമൊന്നുമില്ല.

നാം ഒരിക്കലും ക്രമീകൃതമായ അക്ഷരമാലയല്ല പഠിച്ചുതുടങ്ങുന്നത്. ഒരു കുട്ടിയും 'അ' എന്നു തുടങ്ങി പഠിക്കുന്നില്ല. എഴുതാനോ വരയ്ക്കാനോ എളുപ്പമായ, അക്ഷരരൂപങ്ങൾ എന്നു നാം വിചാരിക്കുന്ന 'റ,ന,ത' മുതലായവയാണ് നാം പഠിച്ചുതുടങ്ങുന്നത്. 'റ' എന്നാണ് ആദ്യം എഴുതുന്നത്. അതിന്റെ കൂടെ മറ്റു ചില 'വര'കൾകൂടി വരച്ചാൽ 'ന', 'ത' എന്നൊക്കെ എഴുതാമെന്നും പഠിക്കുന്നു. അതിൽനിന്നാണ് ബാക്കി അക്ഷരങ്ങൾ എല്ലാം നാം പഠിക്കുന്നത്.

'അ' എന്ന അക്ഷരമാണ് ആദ്യം എഴുതാൻ പഠിപ്പിക്കുന്നതെങ്കിൽ കുട്ടിക്ക് അത് പഠിച്ചെടുക്കാൻ അത്ര എളുപ്പമായിരിക്കില്ല. 'തറ എന്നു തന്നെയാണ് മിക്ക കുട്ടികളും ആദ്യം എഴുതാൻ പഠിക്കുന്ന വാക്ക്. അല്ലാതെ ഒരിക്കലും 'ആന' എന്നല്ല. അക്ഷരം എന്നു മനസ്സിലാക്കിയുമല്ല അവനതു പഠിക്കുന്നത്. എഴുതാനും വരയ്ക്കാനും എളുപ്പമുള്ള ഒരു രൂപം മാത്രമാണ് അവനെ സംബന്ധിച്ചിടത്തോളം 'തറ' എന്ന വാക്ക്.

നാലോ അഞ്ചോ വയസ്സിലാണ് കുട്ടി വിദ്യാലയത്തിലെത്തുന്നത്. ആ പ്രായത്തിനുള്ളിൽത്തന്നെ അവൻ വളരെയധികം വാക്കുകൾ പഠിച്ചുകഴിഞ്ഞിരിക്കും. അവന്റെ ചിന്താമണ്ഡലത്തിലുള്ള കാര്യങ്ങളുമായി ഒരു ബന്ധവുമില്ലാത്ത വസ്തുതയാണ് 'അ' മുതൽ തുടങ്ങുന്ന അക്ഷരമാല. ഈ വാക്കുകൾ എല്ലാം അവനറിയാം. അത് ഘട്ടംഘട്ടമായി അവനു മനസ്സിലാക്കിക്കൊടുത്താൽ മതിയാവും. അതിന് നിർബന്ധിച്ചു പിടിച്ചിരുത്തി അക്ഷരമാല പഠിപ്പിക്കേണ്ട കാര്യമൊന്നുമില്ല.

*(തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവകലാശാലയിൽനിന്ന്, 2023 എം.എ. ഭാഷാശാസ്ത്രം പരീക്ഷയിൽ ഒന്നാം റാങ്ക് ജേതാവാണ് ലേഖിക.)*

നോവൽ 17

തേക്കിൻകാട് ജോസഫ്




പീരുമേട്ടിൽനിന്നു തിരികെ കാറിൽ പോരുമ്പോൾ മൂവരും നിശ്ശബ്ദരായിരുന്നു. ഇട്ടിമാത്തുത്തരകൻ കൂടുതൽ ക്ഷീണിതനായി കാണപ്പെട്ടു.

കുട്ടിക്കാനത്തേക്കുള്ള റോഡിൽ പൊടുന്നനേ പ്രകൃതിയോടു കലഹിച്ച് എവിടെനിന്നോ പെരുമഴ ഓടിക്കിതച്ചെത്തി. റോഡിന്റെ ഇരുവശങ്ങളിലൂടെയും മഴവെള്ളം കുതിച്ചൊഴുകി. താഴ്‌വരയിൽ കട്ടിപ്പുക പോലെ മഞ്ഞുമേഘങ്ങൾ നിറഞ്ഞു. അപ്പുറത്തെ മാമലകളെ അത് കണ്ണിൽനിന്നു മറച്ചു. ഡ്രൈവർ വർഗീസ് വളരെ ശ്രദ്ധിച്ചാണ് കാറോടിക്കുന്നത്.

മൗനം പുകയുന്ന കാറിൽ ജോൺ വക്കീൽ അതു മുറിച്ചു.

"കോടതിക്കു പുറത്തിറങ്ങിയപ്പോൾ വക്കീൽ ബാലകൃഷ്ണൻ നായർ പൗലോയോട് കേസിന്റെ ജയസാധ്യതയെക്കുറിച്ചു സംശയം പ്രകടിപ്പിച്ചുകാണും. അതാണ് അയാളെ കോപാകുലനാക്കിയതെന്നു ഞാൻ കരുതുന്നു."

ജോൺ വക്കീൽ ഒരു നിമിഷം നിറുത്തി. അദ്ദേഹത്തിന്റെ വാക്കുകൾ കേൾക്കാൻവേണ്ടി ഇയ്യോബും മാത്തുത്തരകനും കാതുകൂർപ്പിച്ചിരുന്നു.

ജോൺ വക്കീൽ തുടർന്നു: "1092 ലെ തിരുവിതാംകൂർ ക്രിസ്ത്യൻ പിന്തുടർച്ചാവകാശനിയമമാണ് നാം പിന്തുടരുന്നത്. കൊച്ചിയിലെ ക്രിസ്ത്യൻ പിന്തുടർച്ചാവകാശനിയമം വ്യത്യസ്തമാണ്. അതു നിലവിൽ വന്നത് 1097 ലാണ്.

തിരുവിതാംകൂർ നിയമം തിരുവിതാംകൂറിൽമാത്രമാണു ബാധകം. ഒരാളുടെ മകൾക്ക് അവകാശപ്പെടാവുന്ന സ്ത്രീധനത്തിന്റെ പരിധി തിരുവിതാംകൂർ നിയമം ക്ലിപ്തപ്പെടുത്തിയിട്ടുണ്ട്. ആൺമക്കൾക്കു ലഭിക്കുന്ന ഓഹരിയുടെ നാലിലൊന്നോ 5000 രൂപയോ ഏതാണു കുറവ് അതു ലഭിക്കാനേ പെൺമക്കൾക്ക് അവകാശമുള്ളൂ. അതും വിൽപ്പത്രം എഴുതിവച്ചിട്ടില്ലെങ്കിൽ മാത്രം."

ഇയ്യോബിനോട് ജോൺ വക്കീൽ ചോദിച്ചു:

"അവിരാത്തരകന്റെ പിതാവ് എഴുതിയ വിൽപ്പത്രം ഇയ്യോ കണ്ടിട്ടൊണ്ടോ?"

"ഇല്ല ഞാൻ വായിച്ചിട്ടില്ല. ഇങ്ങനൊരു വിൽപ്പത്രമൊണ്ടെന്ന് ഇപ്പോഴ് പെട്ടി തൊറന്നപ്പഴാ അറിയണത്."

ഇയ്യോബ് പറഞ്ഞു.

"ഞാനും ഇതൊന്നും കണ്ടിട്ടില്ല."

മാത്തുത്തരകനും നിസ്സഹായനായി.

ഞാൻ അവിരാത്തരകന്റെ പിതാവ് എഴുതിയ വിൽപ്പത്രം, അത് ഒരുപക്ഷേ, അവിരാത്തരകൻ അപ്പനുവേണ്ടി തയ്യാറാക്കിയതാവാം. വായിച്ചു നോക്കി. അതിൽ തന്റെ ഇളയപുത്രി അന്നാമ്മയുടെ വിവാഹം നടത്തിക്കൊടുക്കാനും അതിന്റെ ചെലവുകൾ വഹിക്കാനും അന്നാമ്മയ്ക്ക് 5000 രൂപ സ്ത്രീധനമായി കൊടുക്കാനും അവിരാത്തരകനെ ചുമതലപ്പെടുത്തിയിട്ടൊണ്ട്, വിൽപ്പത്രത്തിൽ."

ജോൺ വക്കീൽ ഒരു നിമിഷം പുറത്തേക്കു നോക്കി. മഴ ശമിച്ചിട്ടില്ല. അദ്ദേഹം തുടർന്നു:

"ഈ വിൽപ്പത്രം നമ്മുടെ കേസിന് ബലം നല്കുന്ന തെളിവാണ്. ഞാൻ ഇംഗ്ലീഷിൽ എന്റെ വാദമുഖങ്ങൾ അവതരിപ്പിച്ചത് ജഡ്ജി തോമസ് ഗ്രേയ്ക്ക് ഒരു പോയിന്റും വിട്ടുപോകാതിരിക്കാനാണ്."

"ഞങ്ങൾക്കപ്പോഴത് മനസ്സിലായില്ല." ഇയ്യോബ് ചിരിച്ചു.

"തിരുവിതാംകൂർ നിയമവും കൊച്ചിനിയമവും വ്യത്യസ്തമാണെന്ന് ബാലകൃഷ്ണൻ നായർക്ക് അറിയാം. എന്നാലും ഒരു കേസു കിട്ടിയാൽ വക്കീലന്മാർ ഉപേക്ഷിക്കില്ലല്ലോ. അതുകൊണ്ട് ഞാൻ പറഞ്ഞുവരുന്നതിന്റെ ചുരുക്കം, ഈ



കേസിൽ നമ്മൾ ജയിക്കുമെന്ന് എനിക്ക് നല്ല ഒറപ്പുണ്ട്.

മാത്രവുമല്ല, തിരുവിതാംകൂർ ക്രിസ്ത്യൻ പിന്തുടർച്ചാവകാശമനുസരിച്ച് അമ്മയ്ക്കുള്ള അവകാശവും പെൺമക്കൾക്കുള്ള സ്ത്രീധനവും കഴിഞ്ഞു ബാക്കിയൊള്ള പിതൃസ്വത്തെല്ലാം ആൺമക്കൾക്കുള്ളതാണ്. ഒന്നുകൂടി വിശദമാക്കിയാൽ മാത്തുത്തരകനു സ്വന്തം."

വക്കീൽ മാത്തുത്തരകന്റെ നേരേ നോക്കി വിശദമാക്കി. മാത്തുത്തരകനാവട്ടെ, തീർത്തും, ക്ഷീണിതനായിരുന്നു. പൗലോയുടെ ആക്രമണത്തിന്റെ ഷോക്കിൽനിന്ന് അയാൾ ഇപ്പോഴും മുക്തനായിട്ടില്ല.

അവസാനമായി ജോൺ വക്കീൽ ഒന്നുകൂടി പറഞ്ഞു:

"ഇനി ഒന്നുകൂടി വിശദമാക്കാം. വിൽപ്പത്രമെഴുതാതെ മരിക്കുന്നവർക്കാണ് ഇതൊക്കെ ബാധകം. ഇവടെ അവിരാത്തരകനും വിശദമായ വിൽപ്പത്രം തയ്യാറാക്കി രജിസ്റ്റർ ചെയ്തിട്ടുണ്ട്. എല്ലാ സാഹചര്യങ്ങളും നമ്മക്ക് അനുകൂലമാണെന്നു സാരം."

ജോൺവക്കീൽ തന്റെ സംസാരം അവസാനിപ്പിച്ചു.

മാത്തുത്തരകനെയും ഇയ്യോബിനെയും ആശ്വസിപ്പിക്കാനായിരുന്നു, ജോൺവക്കീലിന്റെ ശ്രമം.

ജോൺവക്കീലിനെ അദ്ദേഹത്തിന്റെ ബംഗ്ലാവിലിറക്കി തിരികെ വരുമ്പോഴും മാത്തുത്തരകൻ തീർത്തും മൗനിയായിരുന്നു. വാ തോരാതെ സംസാരിക്കുന്ന അപ്പനാണ്. ഇയ്യോബ് അതു ശ്രദ്ധിച്ചു. എങ്കിലും അയാൾ ഒന്നും പറഞ്ഞില്ല. കാറിന്റെ വിൻഡോ സ്ക്രീനിലൂടെ പുറത്തേക്കു നോക്കിയിരുന്നു.

ആ രാത്രി മാത്തുത്തരകന് ഉറങ്ങാൻ കഴിഞ്ഞില്ല. അയാൾ കട്ടിലിൽ തിരിഞ്ഞും മറിഞ്ഞും കിടന്നു. ആണ്ടമ്മ കൂർക്കം വലിച്ച് ഉറങ്ങുകയാണ്. അവളോട് പൈലോയുടെ ആക്രമണത്തെക്കുറിച്ചു പറഞ്ഞില്ല. വെറുതെ അവരെക്കൂടി വിഷമിപ്പിക്കുന്നതെന്തിന്?

ഏതോ രാപ്പുള്ള് തൊടിയിലെ മരക്കൂട്ടങ്ങൾക്കിടയിലിരുന്ന് കൂവുന്നുണ്ട്. പാതിരാവിന്റെ നിശ്ശബ്ദതയെ അതു കീറിമുറിച്ചു.

കോടതിമുറ്റത്തു നടന്ന സംഭവം വീണ്ടും വീണ്ടും അയാളുടെ മനസ്സിലേക്ക് ഓടിയെത്തി. അവൻ തന്റെ പ്രായമെങ്കിലും ഓർമിക്കണ്ടേ! കുരുത്തംകെട്ടവൻ. ചുമ്മാതല്ല, അവൻ നന്നാവാത്തേ.

എപ്പോഴാണ് ഇട്ടിമാത്തുത്തരകൻ ഉറങ്ങിയതെന്ന് അറിയില്ല. ആ ഉറക്കത്തിൽ അയാൾ ഒരു സ്വപ്നം കണ്ടു. ദുസ്സ്വപ്നം എന്നു പറയാൻ പറ്റില്ല.

സ്വപ്നത്തിൽ അവിരാത്തരകൻ അയാൾക്കു മുന്നിൽ.

"എടാ മാത്തൂ! നിയ്യ് എന്റെ പെങ്ങന്മാര്ടെ കുടുംബങ്ങളെക്കുറിച്ച് അന്വേഷിച്ചിട്ടൊണ്ടോ? അവരൊക്കെ മരിച്ചു മണ്ണടിഞ്ഞതു ശരിയാ. അന്നാമ്മേടെ മകനാ പൗലോ. അവൻ തല തെറിച്ചവനാ. ഒള്ള മൊതലൊക്കെ കുടിച്ചു നശിപ്പിച്ചു. അവന്റെ പെങ്ങളെ കെട്ടിക്കാൻനേരം ഞാനാ സ്ത്രീധനം കൊടുത്തത്. കല്യാണച്ചെലവിനായി നല്ലൊരു സംഖ്യയും അവനെ ഏല്പിച്ചു. അവൻ നന്നാകത്തില്ല. ചാലക്കുടില് കെട്ടിച്ചിരിക്കുന്ന റോസയ്ക്ക് നാലു മക്കളാ. അവര് കൃഷിപ്പണിയൊക്കെ നടത്തി കുടുംബം നോക്കണൊണ്ട്. കോതമംഗലത്തു കെട്ടിച്ച ഏലിപ്പെണ്ണിന് മക്കളഞ്ചാ. ഒരുത്തന് കച്ചവടോ മറ്റോ ഉണ്ട്. ബാക്കി നാലാളും കൃഷിപ്പണീല്. കഷ്ടിച്ചു കഴിയണ്. മണിമലേ കെട്ടിച്ച മറിയയ്ക്ക് ആറ് ആൺമക്കളാ. അവർക്കു നല്ല നെലയാ. കൊറച്ച് തോട്ടമൊക്കെയുണ്ട്. അവരാരും വഴക്കിനും വക്കാണത്തിനും വരണില്ല. എല്ലാർക്കും അപ്പൻ നല്ല സ്ത്രീധനം കൊടുത്തു കെട്ടിച്ചതാ. എന്നാലും വല്യപ്പന്റെ സ്വത്തില് അവർക്കൊക്കെ നോട്ടം കാണാതിരിക്കുവോ? ഞാനൊണ്ടാക്കിയ ഇക്കണ്ട സ്വത്തൊക്കെ എന്റെ കഠിനാധ്വാനം കൊണ്ടുണ്ടാക്കിയതാണെന്ന് നെനക്കറിയാലോ? എന്റെ സ്വത്തുക്കള് നിയ്യ് കൊടുക്കണ്ട. നെന്റ് വല്യപ്പന്റെ സ്വത്തുക്കളില് ഒരു വീതം അവർക്കൊക്കെ കൊടുത്തതുകൊണ്ട് നെനക്കോ ഇയ്യോബിനോ ഒരു ദോഷോം വരത്തില്ല മോനേ!"

അപ്പൻ കൺമുന്നിലിരുന്നു പറയുകയാണ്.

"ഞാൻ ജീവിച്ചിരുന്നപ്പോ സ്വത്തുക്കള് വാരിക്കൂട്ടിയപ്പോഴ് ഇതൊന്നും ചിന്തിച്ചില്ല. ഇപ്പോഴാണ് ഇതൊക്കെ ഓർക്കണത്."

മാത്തുത്തരകൻ ഞെട്ടിയുണർന്നു. അപ്പനെ ചാരുകസേരയിൽ കാണുന്നില്ല. താൻ തന്റെ കട്ടിലിൽ കിടക്കുകയാണ്. മാത്തുത്തരകന് പെട്ടെന്നു ബോധോദയമുണ്ടായി.

അയാൾ കട്ടിലിൽ എണീറ്റിരുന്നു. ഈ പ്രപഞ്ചമാകെ നിശ്ശബ്ദതയിലാണ്. കൊട്ടാരത്തിൽ തറവാട് ഗാഢനിദ്രയിലാണ്. താനൊഴികെ മറ്റാരും ഉണർന്നിട്ടില്ല. ആണ്ടമ്മ ഇപ്പോഴും കൂർക്കം വലിച്ചുറങ്ങുന്നു.

മാത്തുത്തരകൻ വിയർപ്പിൽ കുളിച്ചു. അയാൾ കട്ടിലിൽ നിന്നെണീറ്റ് ശബ്ദമുണ്ടാക്കാതെ മേശപ്പുറത്തുവച്ചിരുന്ന മൺകൂനയിൽനിന്ന് വെള്ളമെടുത്തു കുടിച്ചു.

അപ്പന്റെ വാക്കുകൾ സ്വപ്നമോ യാഥാർഥ്യമോ? സ്വപ്നത്തിലാണെങ്കിലും അപ്പൻ പറഞ്ഞ വാക്കുകൾ അയാളുടെ മനസ്സിൽ കോറിയിട്ടു.

ഇന്നിനി ഉറങ്ങാൻ കഴിയില്ല. ക്ലോക്കിന്റെ പെൻഡുലം ആടുന്ന ശബ്ദംമാത്രം ആ വീടിന്റെ നിശ്ശബ്ദതയെ തല്ലിക്കെടുത്തി.

*(തുടരും)*

# ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ടിന് എന്തു സംഭവിച്ചു?

(1-ാം പേജ് തുടർച്ച)

**ചോദ്യം ചെയ്തത് തെറ്റോ?**

ക്രൈസ്തവർ നേരിടുന്ന നീതിനിഷേധങ്ങളുടെ വസ്തുതകൾ തുറന്നുപറയുമ്പോൾ അതിനെ ബോധപൂർവം വർഗീയതയായി ചിത്രീകരിക്കാൻ ശ്രമിക്കുന്നവർ ഭിന്നിപ്പിന്റെയും ഭീകരവാദ അജണ്ടകളുടെയും വക്താക്കളാണ്. ഭാരതസമൂഹത്തെ ഭിന്നിപ്പും വിഘടനവാദങ്ങളുമില്ലാതെ എന്നും യോജിപ്പിച്ചുനിർത്തുകയും ജനകീയപ്രശ്നങ്ങളിൽ പൊതുസമൂഹമെന്ന വിശാലകാഴ്ചപ്പാടിൽ ഇടപെടലുകൾ നടത്തുകയുമാണ് ക്രൈസ്തവസമൂഹത്തിന്റെ എക്കാലത്തെയും നിലപാടുകളും കാഴ്ചപ്പാടുകളും. അതിനുള്ള ഏറ്റവും നല്ല ഉദാഹരണമാണ് വിദ്യാഭ്യാസ ആരോഗ്യ ആതുരശുശ്രൂഷാമേഖലയിലെ ക്രൈസ്തവസമൂഹത്തിന്റെയും സഭകളുടെയും ശുശ്രൂഷകൾ. ജാതിയും മതവും വർഗവും വർണവും നോക്കാതെയുള്ള ഈ ശുശ്രൂഷകളുടെ ഗുണഫലങ്ങൾ സമൂഹമൊന്നാകെ അനുഭവിക്കുമ്പോൾ, സർക്കാർഖജനാവിലെ പണം ഒരു മതവിഭാഗംമാത്രമായി തട്ടിയെടുക്കുന്ന സ്ഥിതിയാണ്. കാലങ്ങളായി സർക്കാർ തുടർന്ന ന്യൂനപക്ഷ ക്ഷേമപദ്ധതികളിലെ 80:20 അനുപാത വിവേചനത്തിനെതിരേ ഹൈക്കോടതിവിധി വന്നപ്പോൾ ക്രൈസ്തവർ ഉയർത്തിയ നീതിനിഷേധം സത്യമാണെന്നും ഭരണഘടനാവിരുദ്ധനടപടിയാണ് സംസ്ഥാന സർക്കാർ ഇക്കാലമത്രയും തുടർന്നതെന്നും തെളിഞ്ഞു. എന്നിട്ടും അതിനെതിരേ സുപ്രീം കോടതിയെ സമീപിച്ചിരിക്കുന്ന സർക്കാർസമീപനം അധികാരകേന്ദ്രങ്ങളുടെ ഉള്ളിലിരുപ്പ് വ്യക്തമാക്കുന്നതാണ്.

**ഇരുമുന്നണികളും ഒറ്റക്കെട്ട്**

സംസ്ഥാന ന്യൂനപക്ഷ ക്ഷേമവകുപ്പ് ന്യൂനപക്ഷത്തിലെ ഭൂരിപക്ഷത്തിന്റെമാത്രം സംരക്ഷകരായി മാറുന്നതിന്റെ പരമ്പരകളാണ് കേരളത്തിൽ കാലങ്ങളായി അരങ്ങേറിയത്. രാഷ്ട്രീയാഭിപ്രായവ്യത്യാസങ്ങൾ മറന്ന് ചില മതസമൂഹങ്ങളെ പ്രീണിപ്പിക്കുവാൻ കേരളം ഭരിച്ച ഇരുമുന്നണികളും കൈകോർത്തുവെന്നതാണ് മറ്റൊരു സത്യം. വിവിധ റീത്തുകളും സഭകളുമായി ഭിന്നിച്ചുനിൽക്കുന്ന ക്രൈസ്തവരെക്കാൾ അംഗസംഖ്യ കൂടിയവരും യോജിച്ചുപ്രവർത്തിക്കുന്നവരുമായ മുസ്ലീം സമുദായത്തെ കൂടെനിർത്താനുള്ള വോട്ടുബാങ്കുരാഷ്ട്രീയമാണ് ഇരുമുന്നണികളും ഇന്നലെകളിൽ കളിച്ചതും ഇന്നു തുടരുന്നതും. സ്വന്തം നിലനില്പുപോലും ചോദ്യം ചെയ്തിട്ടും ഒരുമയുടെയും സ്വരുമയുടെയും വഴികൾ തേടാൻ വിവിധ ക്രൈസ്തവനേതൃത്വങ്ങൾ തയ്യാറാകാതെയിരിക്കുന്നതും ഭാവിയിൽ വലിയ തകർച്ചയ്ക്കിടനൽകും.

**അനീതിയുടെ കണക്കുകൾ**

2011 ൽ അധികാരമേറ്റ യുഡിഎഫ് സർക്കാരിൽ മഞ്ഞളാംകുഴി അലി ന്യൂനപക്ഷക്ഷേമവകുപ്പ് ഭരിച്ചപ്പോൾ സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ന്യൂനപക്ഷപ്രമോട്ടർമാരെ നിയമിക്കുന്ന ഉത്തരവിറക്കുകയും തൊള്ളായിരത്തോളം പ്രമോട്ടർമാരെ നിയമിക്കുകയും ചെയ്തു. ഇതിൽ നൂറിൽതാഴെ പേർമാത്രം ക്രൈസ്തവർ. കേരളജനസംഖ്യയിൽ 26 ശതമാനം വരുന്നവരിൽനിന്ന് 800 പേർ. 18 ശതമാനത്തിൽനിന്ന് 100 പേർ. ഇതെന്തു ന്യായമെന്ന ചോദ്യം സ്വാഭാവികമല്ലേ? ഇതിനെതിരേ ശബ്ദിക്കുകമാത്രമല്ല, നിയമപോരാട്ടത്തിലേക്കും കടന്നു. വിവിധ ക്രൈസ്തവസംഘടനകളും ഉണർന്നെഴുന്നേറ്റു. അവസാനം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നേരിട്ട് ഇടപെട്ട് ഈ നിയമനങ്ങൾ മരവിപ്പിച്ചു. പഞ്ചായത്തുകളും നഗരസഭകളുമായി നൂറ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുള്ള മലപ്പുറം ജില്ലയിൽ 150 പ്രമോട്ടർമാർ എന്നത് മറ്റൊരു തമാശയായ സത്യം.

സംസ്ഥാന ന്യൂനപക്ഷ ക്ഷേമവകുപ്പിന്റെ കീഴിൽ നടപ്പാക്കുന്ന കോച്ചിങ് സെന്ററുകൾ 'കോച്ചിങ് സെന്റർ ഫോർ മുസ്ലീം യൂത്ത്' എന്ന പേരിലാണ് കേരളത്തിൽ ആരംഭിച്ചത്. സർക്കാർ പൊതുഖജനാവിൽനിന്നു പണമിറക്കി ഒരു മതവിഭാഗത്തിനുമാത്രമായി നൽകുന്നതു ശരിയോ? ഇതെന്തു കാട്ടുനീതി? ചോദ്യങ്ങൾ ഉയർന്നപ്പോൾ തിരുത്തൽ വന്നു.

ന്യൂനപക്ഷമെന്നതിന്റെ അളവുകോൽ ജനസംഖ്യയാണ്. ജനസംഖ്യയിൽ കുറവുള്ളവർക്കും കുറയുന്നവർക്കുമാണ് ക്ഷേമപദ്ധതികൾ വേണ്ടത്. മൈക്രോ മൈനോരിറ്റികളുടെ സംസ്കാരവും പാരമ്പര്യവും പൈതൃകവുമാണു നഷ്ടപ്പെടാതെ സംരക്ഷിക്കേണ്ടത്. അതിനുദാഹരണമാണ് ജനസംഖ്യ കുറഞ്ഞുകൊണ്ടിരിക്കുന്ന പാഴ്സികൾക്കുള്ള പ്രത്യേക ക്ഷേമപദ്ധതികൾ. പക്ഷേ, മൻമോഹൻസിങ്ങിന്റെ നേതൃത്വത്തിലുണ്ടായിരുന്ന ഇന്ത്യയിലെ കോൺഗ്രസ് സർക്കാർ ഇതിനെ ന്യൂനപക്ഷത്തിലെ പിന്നാക്കക്കാർക്കുള്ള പദ്ധതിയായി പ്രഖ്യാപിച്ചത് വലിയ തെറ്റ്. കേരളത്തിലാകട്ടെ പിന്നാക്കസംവരണത്തിന്റെ പേരിൽ ഒരു മതവിഭാഗമൊന്നാകെ സംവരണം നേടുന്നു. ന്യൂനപക്ഷക്ഷേമപദ്ധതികൾ കൈവശപ്പെടുത്തുന്നു. ജനസംഖ്യാനുപാതംപോലും അട്ടിമറിക്കുന്നു. മാറിമാറി സംസ്ഥാനം ഭരിച്ചവരെല്ലാം ഇതിനു കുടപിടിച്ച് ഓശാന പാടുന്നു.

ന്യൂനപക്ഷവിദ്യാർഥികൾക്കു നൽകുന്ന സ്കോളർഷിപ്പുകളിൽ വിവേചനം, ന്യൂനപക്ഷ ധനകാര്യസ്ഥാപനങ്ങളിൽ ഇരട്ടനയം എന്നിങ്ങനെ സർക്കാരിന്റെ ന്യൂനപക്ഷ ക്ഷേമവകുപ്പ് ക്രൈസ്തവരെ കറിവേപ്പിലയാക്കി വലിച്ചെറിയാൻ ശ്രമിച്ചപ്പോൾ സംസ്ഥാനത്തുടനീളമുണ്ടായ പ്രതിഷേധക്കൊടുങ്കാറ്റാണ് ക്രൈസ്തവരുടെ വിദ്യാഭ്യാസ സാമ്പത്തിക മേഖലകളെക്കുറിച്ചു പഠിക്കാനും ക്ഷേമപദ്ധതികൾ നിർദേശിക്കാനും ജസ്റ്റിസ് ജെ. ബി. കോശി അധ്യക്ഷനായ മൂന്നംഗക്കമ്മിറ്റിയെ പ്രഖ്യാപിക്കുന്നതിനു നിർബന്ധിതമാക്കിയത്.

**ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ**

സംസ്ഥാനസർക്കാരിന്റെ ന്യൂനപക്ഷക്ഷേമപദ്ധതികളിൽ കടുത്ത വിവേചനവും നീതിനിഷേധവും തുടർച്ചയായി നേരിടുകയും വിവിധ ന്യൂനപക്ഷക്ഷേമപദ്ധതികളിൽനിന്ന് ക്രൈസ്തവരെ ആസൂത്രിത അജണ്ടയുടെ ഭാഗമായി ബോധപൂർവം പുറന്തള്ളുകയും ഭരണഘടനാപരമായി. നിർവഹിക്കേണ്ട ഉത്തരവാദിത്വങ്ങളിൽനിന്ന് ഭരണസംവിധാനങ്ങൾ ഒളിച്ചോടുകയും ചെയ്തപ്പോൾ ഉണർന്നെഴുന്നേറ്റ കേരളക്രൈസ്തവസമൂഹം ഒറ്റക്കെട്ടായി ന്യൂനപക്ഷക്ഷേമവകുപ്പിന്റെ പ്രവർത്തനങ്ങൾക്കെതിരേ പ്രതിഷേധിച്ചതിനെത്തുടർന്ന് മുഖ്യമന്ത്രി നേരിട്ട് പൊതുഭരണവകുപ്പിന്റെ ഉത്തരവാദിത്വത്തിൽ 2020 നവംബർ 5 ന് ജസ്റ്റിസ് ജെ. ബി. കോശി ചെയർമാനായ മൂന്നംഗ കമ്മീഷനെ നിയമിച്ചു. 2021 ഫെബ്രുവരി 9 ന് കമ്മീഷന്റെ പരിഗണനാവിഷയങ്ങൾ സംബന്ധിച്ചു വ്യക്തത വരുത്തിയുള്ള സർക്കാർ ഉത്തരവുമിറങ്ങി.



*കേരളത്തിലെ ക്രൈസ്തവന്യൂനപക്ഷങ്ങളെ സംബന്ധിച്ച പഠനറിപ്പോർട്ട് കമ്മീഷൻ അധ്യക്ഷൻ ജസ്റ്റീസ് ജെ.ബി. കോശി മുഖ്യമന്ത്രിക്കു സമർപ്പിക്കുന്നു.*

2021 ജൂലൈ 30 നുള്ളിൽ സംസ്ഥാനത്തെ വിവിധ ക്രൈസ്തവവിഭാഗങ്ങളിൽനിന്നു നിർദേശങ്ങൾ സ്വീകരിക്കുകയും തുടർന്ന്, വിവിധ കേന്ദ്രങ്ങളിൽ സിറ്റിങ് നടത്തുകയും ചെയ്തു. ഒരു വർഷത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണമെന്ന് 2021 ഫെബ്രുവരി 9 ലെ ഉത്തരവുകളിലുണ്ടെങ്കിലും കോവിഡ് പ്രതിസന്ധികളും സർക്കാരിൽനിന്നു കമ്മീഷനു നൽകേണ്ട അനുബന്ധ ക്രമീകരണങ്ങളുടെ കാലതാമസവുംമൂലം റിപ്പോർട്ട് വൈകി രണ്ടര വർഷത്തിനുശേഷം സർക്കാരിനു സമർപ്പിച്ചു.

**ക്രൈസ്തവർ പങ്കുവച്ചത്**

ജെ. ബി. കോശി കമ്മീഷൻ സർക്കാരിന്റെമുമ്പിൽ സമർപ്പിച്ചിരിക്കുന്ന ക്രൈസ്തവപഠനറിപ്പോർട്ടിന്റെ ഉള്ളടക്കമെന്ത് എന്നതിനെക്കുറിച്ച് കമ്മീഷനോ, സർക്കാരോ പൊതുസമൂഹത്തിൽ ഇതുവരെയും വ്യക്തത വരുത്തിയിട്ടില്ല. മുഖ്യമന്ത്രിക്കു സമർപ്പിച്ച റിപ്പോർട്ട് പൊതുഭരണവകുപ്പിൽനിന്നു ന്യൂനപക്ഷക്ഷേമവകുപ്പിനു കൈമാറിയിരിക്കുന്നുവെന്ന അനൗദ്യോഗികമായ അറിവുകളുണ്ട്.

കാർഷികമലയോരതീരദേശമേഖലയിലെ ക്രൈസ്തവർ നേരിടുന്ന പ്രശ്നങ്ങൾ, സാമ്പത്തികത്തകർച്ച, ജീവിതപ്രശ്നങ്ങൾ, തൊഴിലില്ലായ്മ, വിദ്യാഭ്യാസപ്രതിസന്ധികൾ, കോച്ചിങ് സെന്ററുകളിലെ വിവേചനം, സ്കോളർഷിപ്പുകളിലെ നീതിനിഷേധം തുടങ്ങി ക്രൈസ്തവർമാത്രമല്ല പൊതുസമൂഹമൊന്നാകെ നേരിടുന്ന വിവിധ വിഷയങ്ങളെക്കുറിച്ചും കമ്മീഷൻമുമ്പാകെ പരാതികളും നിർദേശങ്ങളും എത്തിച്ചു. 4.88 ലക്ഷം പരാതികളും നിർദേശങ്ങളും ലഭിച്ചുവെന്നും അഞ്ഞൂറോളം ക്ഷേമപരിഹാരശിപാർശകൾ സർക്കാരിനു സമർപ്പിച്ചുവെന്നുമാണ് ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ അനൗദ്യോഗികമായി നൽകിയ സൂചനയെങ്കിലും സംസ്ഥാന ന്യൂനപക്ഷ ക്ഷേമവകുപ്പുമന്ത്രി നിയമസഭയിൽ റോജി എം. ജോൺ എം.എൽ.എ. ചോദിച്ച ചോദ്യത്തിന് 255 നിർദേശങ്ങളാണ് സമർപ്പിച്ചതെന്നും വകുപ്പ് ഇവ ചർച്ച ചെയ്യുകയാണെന്നും പറയുന്നു. ഇതിന്റെ സത്യമെന്ത്? എങ്കിൽപ്പിന്നെ റിപ്പോർട്ട് പുറത്തുവിടാൻ സർക്കാർ മടിക്കുന്നതെന്ത്? ഇതാണോ ജനാധിപത്യഭരണം? സർക്കാരിന്റെ ഒളിച്ചുകളി ആർക്കുവേണ്ടി? ■

# കാരിത്താസ് ഇന്ത്യ ദേശീയ അസംബ്ലിക്ക് പാലായിൽ തുടക്കം

പാലാ: കത്തോലിക്കാസഭയുടെ സാമൂഹികസേവനപ്രസ്ഥാനമായ കാരിത്താസ് ഇന്ത്യയുടെ ദേശീയ അസംബ്ലി പാലാ അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഒക്ടോബർ 12 മുതൽ 14 വരെ തീയതികളിൽ നടക്കുന്നു.

രാജ്യത്തെ 174 രൂപതകളിൽനിന്നുള്ള പ്രതിനിധികൾ പങ്കെടുക്കുന്ന അസംബ്ലി പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യും.

മാർപാപ്പാ രക്ഷാധികാരിയായുള്ള കാരിത്താസ് യൂണിവേഴ്സിന്റെ ഭാഗമാണ് കാരിത്താസ് ഇന്ത്യ. പ്രകൃതിക്കും മനുഷ്യനും ഭീഷണി നേരിടുന്ന ഇടങ്ങളിൽ സഹായവുമായി ഓടിയെത്തുന്ന കാരിത്താസ് ഇന്ത്യ ആശ്വാസത്തിന്റെ കൈത്താങ്ങാണെന്നു പാലാ രൂപത വികാരി ജനറൽ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, കാരിത്താസ് ഇന്ത്യ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. പോൾ മുഞ്ഞേലിൽ എന്നിവർ പറഞ്ഞു.

# ഇസ്രായേലിന്റെ രോഷം അഗ്നിഗോളമായി പരിണമിക്കുമോ?



ഫാ. മാത്യു ചന്ദ്രൻകുന്നേൽ

നേർമൊഴി



സമൃദ്ധിയുടെയും സ്വാതന്ത്ര്യത്തിന്റെയും സമാധാനത്തിന്റെയും സ്വപ്നഭൂമിയായ ഇസ്രായേൽ-പാലസ്തീൻപ്രദേശങ്ങൾ ഇപ്പോൾ ഭീതിപ്പെടുത്തുന്ന സംഘർഷഭൂമിയും കൊലക്കളവുമായി മാറിയിരിക്കുന്നു. ആയിരത്തിലധികം പേർക്കു ജീവഹാനി സംഭവിച്ചു. അയ്യായിരത്തിലധികം പേർക്കു പരിക്കുപറ്റി. ലക്ഷക്കണക്കിനുപേർ നിരാലംബരായി. ലോകം മുഴുവൻ സഹായിച്ചാലും ഒരു പതിറ്റാണ്ടുകൊണ്ടുപോലും അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിച്ചെടുക്കാനാവാത്തവിധം സർവതും നാമാവശേഷമായി. ലോകം ഞെട്ടിവിറച്ചുനിൽക്കുകയാണ്. കാരണം, ഇപ്പോഴത്തെ സംഘർഷം ഇസ്രായേലും ഹമാസ് തീവ്രവാദികളും തമ്മിലല്ല, പകരം, ഇരുകക്ഷികളെയും പിൻതുണയ്ക്കുന്ന വൻശക്തികൾ തമ്മിലത്രേ. അതു ലോകത്തിന്റെ സമ്പദ്ഘടനയെയും നയതന്ത്രബന്ധങ്ങളെയും കുറച്ചൊന്നുമല്ല സ്വാധീനിക്കാനിടയുള്ളത്.

ഇസ്രായേൽ-പലസ്തീൻ സംഘർഘത്തിനു നൂറ്റാണ്ടിന്റെ പഴക്കമുണ്ട്. ഈ പ്രദേശത്തിന്റെ രാഷ്ട്രീയചരിത്രത്തിന്റെ നാൾവഴികളിലൂടെ സഞ്ചരിച്ചാൽ കാര്യങ്ങൾ കൂടുതൽ വ്യക്തമാകും.

1. ഒന്നാം ലോകമഹായുദ്ധകാലത്ത് 1917 ൽ ഓട്ടോമാൻ സാമ്രാജ്യം തകർന്നു. അങ്ങനെ പലസ്തീൻ ബ്രിട്ടന്റെ നിയന്ത്രണത്തിലായി.

2. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം പലസ്തീനയിൽനിന്നു ബ്രിട്ടൺ പിന്മാറി. ഒരു അറബ് രാജ്യവും ഒരു ജൂതരാജ്യവും രൂപീകരിക്കുന്നതിനുള്ള നിർദേശത്തിന് ഐക്യരാഷ്ട്രസംഘടനയുടെ അംഗീകാരം ലഭിച്ചു. എന്നാൽ, അറബ് രാജ്യങ്ങൾ ഈ ഫോർമുല തള്ളി. ഈ ഫോർമുലയെ അന്ന് ഇന്ത്യയും എതിർത്തു.

3. 1948 മേയ് 14 ന് ബ്രിട്ടന്റെ ഭരണം അവസാനിക്കുന്നതിനു തൊട്ടുമുമ്പ് ഇസ്രായേൽ എന്ന രാജ്യത്തിന്റെ സ്ഥാപനപ്രഖ്യാപനം വന്നു. തൊട്ടടുത്ത ദിവസം അഞ്ച് അറബ് രാജ്യങ്ങൾ ഇസ്രായേലിനെ ആക്രമിച്ചു.

4. 1964 ൽ യാസർ അറഫാത്തിന്റെ നേതൃത്വത്തിൽ പാലസ്റ്റൈൻ ലിബറേഷൻ ഓർഗനൈസേഷൻ - പി.എൽ.ഒ. നിലവിൽ വന്നു.

5. 1967 ൽ ജൂൺ അഞ്ചുമുതൽ പത്തുവരെ ആറുദിവസം നീണ്ടയുദ്ധം നടന്നു. അതിൽ ഇസ്രായേലിന്റെ സമ്പൂർണവിജയത്തിനു ലോകം സാക്ഷിയായി. യുദ്ധത്തിൽ ഈജിപ്തിൽനിന്നു ഗാസയും സിനായിയും ഇസ്രായേൽ പിടിച്ചെടുത്തു. ജോർദാന്റെ നിയന്ത്രണത്തിലുണ്ടായിരുന്ന വെസ്റ്റ് ബാങ്കും കിഴക്കൻ ജറുസലേമും പിടിച്ചെടുത്ത് ഇസ്രായേൽ മേധാവിത്വം തെളിയിച്ചു.

6. 1978 ൽ ക്യാമ്പ് ഡേവിഡ് കരാർ പ്രകാരം സിനായ് വിട്ടുകൊടുത്തു.

7. 1981 ൽ സിറിയായിൽനിന്ന് ഗോലാൻകുന്നുകളുടെ നിയന്ത്രണം ഏറ്റെടുത്തു.

8. 1987 ൽ ഹമാസ് - ഹർകഅൽ മുഖവ്വമ അൽ ഇസ്ലാമിയ - എന്ന പലസ്തീൻ സായുധസംഘടന നിലവിൽ വന്നു. ഒപ്പം ഒന്നാം ഇൽതിഫാദയും - വിപ്ലവം എന്നർഥം - ആരംഭിച്ചു.

9. 1993 ൽ ഒസ്‌ലോ ഉടമ്പടി ഉണ്ടായി. അതിൻ ഇപ്രകാരം പരസ്പരധാരണയിൽ പലസ്തീന ഭരണകൂടം സ്ഥാപിക്കാൻ തീരുമാനമായി.

10. 2000-ാമാണ്ടിൽ രണ്ടാം ഇൽതിഫാദ നടന്നു. ഇസ്രായേൽ പ്രധാനമന്ത്രി ആരിയൽ ഷറോൺ അൽ അഖ്സ മസ്ജിദ് കോമ്പൗണ്ടിൽ സന്ദർശനം നടത്തി എന്നതായിരുന്നു കാരണം.

11. 2007 ൽ പലസ്തീന്റെ ഭാഗമായ ഗാസ മുനമ്പിൽ ഹമാസ് അധികം പിടിച്ചു. അങ്ങനെ പി.എൽ.ഒ. അധികാരം വെസ്റ്റ് ബാങ്കിൽ മാത്രമായി ചുരുങ്ങി.

യുദ്ധത്തിലേർപ്പെട്ടിരിക്കുന്ന ഇസ്രായേലും ഹമാസും തമ്മിൽ താരതമ്യങ്ങളില്ല. ഹമാസിന്റെ കേന്ദ്രമായ ഗാസയിൽ മൊത്തം ഇരുപതു ലക്ഷം ജനങ്ങളാണുള്ളത്. ഇസ്രായേൽ വലിയ രാജ്യമൊന്നുമല്ല. 90 ലക്ഷം പേരാണ് അവിടെയുള്ളത്. എന്നാൽ, അംഗബലത്തെ അതിശയിപ്പിക്കുന്ന സൈനികശക്തിയും രഹസ്യാന്വേഷണ ഏജൻസിയും അത്യാധുനിക സാങ്കേതിക വിദ്യകളും അവർക്കുണ്ട്. മണിക്കൂറുകൾക്കുള്ളിൽ ഗാസയെ ചാരക്കൂമ്പാരമാക്കാനുള്ള സൈനികശേഷി ഇസ്രായേലിനുണ്ട്. എന്നാൽ, ആലോചനയില്ലാതെ അവർക്ക് അതു പ്രയോഗിക്കാനാവുകയില്ല. എന്നാൽ, അതിനുള്ള സന്നാഹങ്ങളെല്ലാം ഒരുങ്ങിക്കഴിഞ്ഞു. ഇതിനോടകം മൂന്നുലക്ഷത്തോളം സൈനികർ ഗാസ ലക്ഷ്യം വച്ച് നീങ്ങിത്തുടങ്ങി. അമേരിക്കയുടെ സൈനികസന്നാഹങ്ങളും സംഘർഷഭൂമിയിലേക്കു നീങ്ങിയിട്ടുണ്ട്.

തോൽക്കുമെന്നുറപ്പുണ്ടായിട്ടും ഹമാസ് എന്തുകൊണ്ടാണ് അതിക്രമത്തിനു മുതിർന്നത്? മൂന്നു കാരണങ്ങളാണ് വിദഗ്ധർ ചൂണ്ടിക്കാട്ടുന്നത്.

1. ഇസ്രായേലിപൗരന്മാരെ കൊല്ലുകയും കുറെപ്പേരെ തട്ടിക്കൊണ്ടുപോവുകയും ചെയ്താൽ ഇസ്രായേൽജയിലിൽ കിടക്കുന്ന കുറ്റവാളികളെ വിട്ടുകിട്ടുന്നതിനുവേണ്ടി വിലപേശാം. കാരണം, ഇസ്രായേൽക്കാർ അവരുടെ പൗരന്മാരെയും സൈനികരെയും എന്തു വിട്ടുവീഴ്ച ചെയ്തും വിലകൊടുത്തും സംരക്ഷിക്കും. 2006 ൽ ഒരു ഇസ്രായേലിസൈനികനെ വിട്ടുകിട്ടാൻ വേണ്ടി 1027 പലസ്തീൻകാരെ ജയിൽമോചിതരാക്കി.

2. അറബ് രാജ്യങ്ങളുമായുള്ള ഇസ്രായേലിന്റെ ബന്ധം തടയാമെന്നുള്ള പ്രതീക്ഷ. സൗദി അറേബ്യ, യു.എ.ഇ., ഈജിപ്ത് തുടങ്ങിയ രാജ്യങ്ങളുമായുള്ള ഇസ്രായേലിന്റെ ബന്ധം ഹമാസിന്റെ താത്പര്യങ്ങൾക്കു വിരുദ്ധമാണ്.

3. അൽ അഖ്സ മസ്ജിദ് ഉൾപ്പെടുന്ന ടെമ്പിൾ മൗണ്ട് മേഖലയിൽ ഇസ്രായേലിന്റെ സ്വാധീനം വിപുലമാക്കുന്നതു തടയുക.

അറബുരാജ്യങ്ങളെ ഇസ്രായേലിന് എതിരേ തിരിക്കുക എന്നതും അവിടെനിന്നു സാമ്പത്തികസഹായം നേടുക എന്നതും ഹമാസിന്റെ ലക്ഷ്യമാണെന്നു നിരീക്ഷകർ ചൂണ്ടിക്കാട്ടുന്നു. യുദ്ധത്തിൽ ഗാസ നശിക്കുകയും കുറേപ്പേർ ശേഷിക്കുകയും ചെയ്താൽ അവരെ മറയാക്കി ലോകമെമ്പാടും പിരിവു നടത്തി ധൂർത്തജീവിതം നയിക്കാൻ നേതാക്കന്മാർക്ക് അവസരം കിട്ടുമെന്ന വിമർശനവും അവർക്കെതിരേ ഉയരുന്നുണ്ട്.

ഈച്ച അനങ്ങിയാൽ അറിയുന്ന രഹസ്യാന്വേഷണ ഏജൻസികളും നിർമിതബുദ്ധിയിൽ പ്രവർത്തിക്കുന്ന അത്യാധുനിക സാങ്കേതികവിദ്യകളുമുള്ള ഇസ്രായേൽ മണ്ണിലേക്ക് ആയിരത്തിലധികം ഹമാസ് തീവ്രവാദികൾ എങ്ങനെ കടന്നുകയറി എന്നാണ് ലോകം അമ്പരപ്പോടെ ആലോചിക്കുന്നത്. ഇസ്രായേൽക്കാർ ഉൾപ്പെടെ 22 രാജ്യങ്ങളിലെ പൗരന്മാരെയാണ് ഹമാസ് തീവ്രവാദികൾ ഗാസയിൽ ബന്ദികളാക്കി പാർപ്പിച്ചിരിക്കുന്നത്. അവരുടെ കാര്യത്തിൽ തീരുമാനമായാൽ പേരുകേട്ട ചാരസംഘടനയായ മൊസാദും ഷിൻബെത്തും അവരുടെ ജോലി ആരംഭിക്കും. തീവ്രവാദികൾ ലോകത്തിന്റെ ഏതു ഭാഗത്തു ജീവിച്ചാലും അവിടെ കടന്നുചെന്ന് അവരെ അവസാനിപ്പിക്കാനുള്ള ഉത്തരവ് പ്രധാനമന്ത്രി ബെന്യാമിൻ നെതന്യാഹു നൽകിക്കഴിഞ്ഞു. ഖത്തറിന്റെ സമാധാന ചർച്ചകൾ വിജയിക്കട്ടെ എന്ന് ആശിക്കാം. ■

# ഡോ. ജോർജ് തയ്യിലിന് 'പ്രൈഡ് ഓഫ് നേഷൻ' അവാർഡ്



*ഹൃദ്രോഗചികിത്സാരംഗത്തെ സമഗ്രസംഭാവനയ്ക്കുള്ള 2023 ലെ 'പ്രൈഡ് ഓഫ് നേഷൻ അവാർഡ്' പ്രശസ്ത ഹൃദ്രോഗവിദഗ്ധനും എഴുത്തുകാരനുമായ ഡോ . ജോർജ് തയ്യിലിന് തെലുങ്കാന ഗവർണർ ഡോ. തമിളിസൈ സൗന്ദരരാജൻ സമ്മാനിക്കുന്നു.*

കൊച്ചി: ഹൃദ്രോഗചികിത്സാരംഗത്തെ സമഗ്രസംഭാവനയ്ക്കുള്ള 2023 ലെ 'പ്രൈഡ് ഓഫ് നേഷൻ അവാർഡ്' പ്രശസ്ത ഹൃദ്രോഗവിദഗ്ധനും എഴുത്തുകാരനുമായ ഡോ. ജോർജ് തയ്യിലിന്. ഹൈദരാബാദിൽ നടന്ന ചടങ്ങിൽ തെലുങ്കാന ഗവർണർ ഡോ. തമിളിസൈ സൗന്ദരരാജൻ അവാർഡ് സമ്മാനിച്ചു. ഏഷ്യാറ്റുഡേ റിസർച്ച് ആൻഡ് മീഡിയയുടെ ആഭിമുഖ്യത്തിൽ നടത്തിയ ഔദ്യോഗികസർവേയിലാണ് ഇന്ത്യയിലെ പ്രമുഖ ഹൃദ്രോഗവിദഗ്ധരിലൊരാളായി ഡോ. തയ്യിൽ തിരഞ്ഞെടുക്കപ്പെട്ടത്. ചികിത്സയ്ക്കുമാത്രം പ്രാധാന്യം കൊടുക്കുന്നതിലുപരിയായി രോഗികളുടെ ബോധവത്കരണപരിപാടികൾക്കും രോഗപ്രതിരോധത്തിനും സമൂഹത്തിന്റെ പൊതുവായ ആരോഗ്യവളർച്ചയ്ക്കും വിലപ്പെട്ട സംഭാവനകൾ നൽകുന്നവരെയാണ് സർവേയിൽ ഉൾപ്പെടുത്തിയത്.

ഡോ. തയ്യിൽ എറണാകുളം ലൂർദ് ആശുപത്രിയിലെ ഹൃദ്രോഗവിഭാഗം സ്ഥാപകതലവനും സീനിയർ കൺസൾട്ടന്റുമാണ്. ഇന്ത്യൻ കോളജ് ഓഫ് കാർഡിയോളജിയുടെയും ഇന്ത്യൻ അക്കാദമി ഓഫ് എക്കോകാർഡിയോഗ്രഫിയുടെയും മുൻസംസ്ഥാന പ്രസിഡന്റാണ് ഡോ. തയ്യിൽ.

# എം.എ. മൾട്ടിമീഡിയ ഒന്നാംറാങ്ക് ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടത്തിന്



പാലാ: എം.ജി. യൂണിവേഴ്സിറ്റി എം.എ. മൾട്ടിമീഡിയ ഒന്നാം റാങ്ക് പാലാ രൂപത വൈദികൻ ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം കരസ്ഥമാക്കി. രൂപത കെയർ ഹോംസ്, കേരള ലേബർ മൂവ്മെന്റ്, ദീപിക ഫ്രണ്ട്സ് ക്ലബ് എന്നിവയുടെ ഡയറക്ടർകൂടിയായ അദ്ദേഹം ചേർപ്പുങ്കൽ ബി.വി.എം. കോളജിലാണ് പഠനം പൂർത്തിയാക്കിയത്. രത്നഗിരി ഇടവകാംഗമായ ഫാ. ജോർജ്, നെല്ലിക്കുന്നുചെരിവുപുരയിടം എൻ.എം. ജോസഫിന്റെയും ഏലിയാമ്മയുടെയും മകനാണ്.

ഫാ. ജോർജിനെക്കൂടാതെ, പാലാ രൂപതയിൽനിന്ന് ഫാ. ജയിംസ് പനച്ചിക്കൽകരോട്ട് നാലാംറാങ്കും, ഫാ. ജോസഫ് മുണ്ടയ്ക്കൽ, ഫാ. മൈക്കിൾ തോട്ടുങ്കൽ എന്നിവർ ഒമ്പതാം റാങ്കും കരസ്ഥമാക്കി.

Deepanalam Weekly

RNI No : 16998/68
Vol. 56 No. 32 Date of Publication 12 Oct 2023
Annual Subscription Rate ₹ 400 (For Abroad ₹4500)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment



## പ്രസിദ്ധ തീർത്ഥാടനകേന്ദ്രമായ പാലാ കിഴതടിയൂർ പള്ളിയിൽ

# വി. യൂദാശ്ലീഹായുടെ നൊവേനത്തിരുനാൾ

## 2023 ഒക്ടോബർ 19 വ്യാഴം മുതൽ 28 ശനി വരെ



**തിരുനാൾ ദിവസങ്ങളിൽ 5.30 am, 7 am, 10 am, 12 noon, 3 pm, 5 pm, 7 pm എന്നീ സമയങ്ങളിൽ വി. കുർബാന, നൊവേന**

ക്രിസ്തുശിഷ്യനും അദ്ഭുതപ്രവർത്തകനും അസാദ്ധ്യകാര്യങ്ങളുടെ മദ്ധ്യസ്ഥനുമായ വിശുദ്ധ യൂദാശ്ലീഹായുടെ നൊവേനത്തിരുനാൾ ഭക്തിപൂർവ്വം ആഘോഷിക്കുന്നു. തിരുനാളിൽ സംബന്ധിച്ച് വിശുദ്ധ യൂദാശ്ലീഹായുടെ മദ്ധ്യസ്ഥതയിലൂടെ ദൈവാനുഗ്രഹം പ്രാപിക്കുവാൻ എവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

കൈക്കാരന്മാർ
ജോസ് എഴുപറയിൽ
ജോസ് ആരംപുളിക്കൽ
ക്ലമന്റ് അറയ്ക്കൽ
സോജൻ വെള്ളരിങ്ങാട്ട്

എന്ന് പള്ളിക്കാര്യത്തിൽനിന്ന്
റവ. ഫാ. തോമസ് പനയ്ക്കക്കുഴി (വികാരി)
റവ. ഫാ. ജോബി കുന്നയ്ക്കാട്ട് (സഹവികാരി)
റവ. ഫാ. സെബാസ്റ്റ്യൻ ആലപ്പാട്ടുകുന്നേൽ (പാസ്റ്ററൽ അസിസ്റ്റന്റ്)

### പ്രധാന തിരുനാൾ തിരുക്കർമ്മങ്ങൾ

**2023 ഒക്ടോബർ 19 വ്യാഴം**

9.45 a.m. തിരുനാൾ കൊടിയേറ്റ്
ആഘോഷമായ തിരുനാൾ കുർബാന
വെരി. റവ. ഡോ. ജോസ് കാക്കല്ലിൽ
(വികാരി, സെന്റ് തോമസ് കത്തീഡ്രൽ, പാലാ)

**2023 ഒക്ടോബർ 24 ചൊവ്വ**

10.00 a.m. ആഘോഷമായ സുറിയാനി കുർബാന
മാർ ജോസഫ് കല്ലറങ്ങാട്ട്
(പാലാ രൂപതാദ്ധ്യക്ഷൻ)

**2023 ഒക്ടോബർ 26 വ്യാഴം**

08.30 a.m. തിരുസ്വരൂപം പരസ്യവണക്കത്തിനു പ്രതിഷ്ഠിക്കുന്നു
മാർ ജോസഫ് പള്ളിക്കാപറമ്പിൽ
(മുൻ പാലാ രൂപതാദ്ധ്യക്ഷൻ)

**2023 ഒക്ടോബർ 27 വെള്ളി**

04.45 p.m. പ്രസുദേന്തി സമർപ്പണം
മോൺ. ജോസഫ് തടത്തിൽ
(മുഖ്യവികാരി ജനറാൾ, പാലാ രൂപത)

**2023 ഒക്ടോബർ 28 ശനി – പ്രധാന തിരുനാൾ ദിനം**

5.15 a.m. മുതൽ നെയ്യപ്പം നേർച്ച
10.00 a.m. ആഘോഷമായ തിരുനാൾ കുർബാന
മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ
(കൂരിയ ബിഷപ്, സീറോ മലബാർ സഭ)
12.00 noon ആഘോഷമായ തിരുനാൾപ്രദക്ഷിണം
നൊവേന, തിരുശ്ശേഷിപ്പിന്റെ ആശീർവാദം

തിരുനാൾ ദിവസങ്ങളിൽ അരിസമർപ്പണ നേർച്ച നടത്തുന്നതിനും വിശുദ്ധന്റെ തിരുശ്ശേഷിപ്പു വണങ്ങുന്നതിനും, അടിമ വയ്ക്കുന്നതിനും 26,27,28 (വ്യാഴം, വെള്ളി, ശനി) എന്നീ തീയതികളിൽ കഴുന്ന്, വടി എഴുന്നള്ളിക്കുന്നതിനും പ്രത്യേക സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

എല്ലാ ചൊവ്വാഴ്ചകളിലും രാവിലെ 5.30 am, 7.00 am, 10.00 am, 12.00 noon, 3.00 pm, 5.00 pm, 7.00 pm എന്നീ സമയങ്ങളിൽ വി. കുർബാനയും നൊവേനയും ഉണ്ടായിരിക്കും.

നേർച്ചകൾ, സംഭാവനകൾ, അപേക്ഷകൾ, അനുഗ്രഹഅറിയിപ്പുകൾ എന്നിവ നല്കേണ്ട വിലാസം :
Rev. Fr. Vicar, St. Joseph's Church & St. Jude Pilgrim Centre, Pala P.O. - 686 575,
Kizhathadiyoor, Tel: 04822-215087, 9497362880 Web:www.stjudekizhathadiyoor.org, Email: vicar@stjudekizhathadiyoor.org

പ്രാർഥനാനിർഭരമായ തിരുനാൾ ആശംസകൾ

## വൈപ്പന ദന്താശുപത്രി, പാലാ

PHONE : 04822-212015 (Off.), 205168, 205282 (Res.)
Working Time : 9.00 a.m. - 1.00 p.m.

Dr. Alex Abraham Bsc. B.D.S.
Dr. Mrs. Thresiamma Alex B.D.S.
Dr. Joseph Sebastian B.D.S., MDS (Ortho)

## SAINT JUDE ELECTRICALS & SANIWARES

Santhom Shopping Complex, Kottaramattom-PALA
Ph: 04822-200377, 200277 8078390426 (shop), Mob: 9447302262

legrand Finolex AO Smith ASTRAL ZEW sunlit V-GUARD

അന്താരാഷ്ട്ര നിലവാരമുള്ള ഇലക്ട്രിക്കൽ സാനിട്ടറി ഉൽപന്നങ്ങൾ
കമ്പനി പ്രോജക്ട് വിലയ്ക്ക് പർച്ചേയ്സ് ചെയ്യാവുന്ന പാലായിലെ പ്രമുഖ സ്ഥാപനം

തിരുനാൾ ആശംസകൾ




YOUDHA MEATS Mob: 9496990584, 9946848408, 9349903315, 9495706241



## യൂദാ മീറ്റ്സ്

പുഴക്കര, പാലാ
PH: 8589942837



ആട്, പോത്ത്, പോർക്ക്, നാടൻ പന്നി,
വാരിയിറച്ചി, കരൾ, പോട്ടി, കറിയെല്ല്, തലച്ചോറ്

ഏറ്റുമാനൂർ
മണർകാട്
കുറുപ്പന്തറ
കടുത്തുരുത്തി
കൂടല്ലൂർ

ഞായർ അവധി

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org